©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-26)

## അമ്പതാമത് റിപ്പോർട്ട്

**(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## അമ്പതാമത് റിപ്പോർട്ട്

(2024 ജൂൺ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

828/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 71 |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | | |
| അനുബന്ധം II | .. | 80 |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്  കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ  സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ അമ്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2024 ജൂൺ മാസം 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജൂൺ 27.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

**വരവിനങ്ങളിലെ നഷ്ടം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധാന വരുമാന സ്രോതസ്സായ നികുതികൾ, ലേലം, വാടക എന്നിവ പിരിച്ചെടുക്കുന്നതിലും പരിപാലിക്കുന്നതിലും ഉദ്യോഗസ്ഥർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. കൂടാതെ വികസന അതോറിറ്റികൾ, ഭവനനിർമ്മാണബോർഡ് എന്നിവിടങ്ങളിലും ഭീമമായ തുക വരുമാനത്തിൽ കുടിശ്ശികയായുണ്ട്. പദ്ധതി ഫണ്ടിന്റെ ലഭ്യതയും, പദ്ധതികൾ സാമ്പത്തിക വർഷത്തിൽതന്നെ നടപ്പിലാക്കാനുള്ള വ്യഗ്രതയും കാരണം നികുതികളും മറ്റ് വരവുഇനങ്ങളും സ്വരൂപിക്കുന്നതിൽ അധികാരികൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ഇത് തനതുവരുമാനത്തിന് ഭീമമായ നഷ്ടം ഉണ്ടാക്കുന്നു. പുതിയ ധനസ്രോതസ്സുകൾ കണ്ടെത്തി പ്രാദേശിക ഭരണ സംവിധാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തനതുവരുമാനത്തിൽ ഭീമമായ നഷ്ടം സംഭവിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ഏലൂർ ഗ്രാമപഞ്ചായത്ത്- എറണാകുളം ജില്ല**

**പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - വാടക നൽകാതെ സ്വകാര്യ വ്യക്തി കടമുറികൾ കൈവശം വെച്ചിരിക്കുന്നു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ 2-5

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള മഞ്ഞുമ്മൽ ഷോപ്പിംഗ് കോംപ്ലക്സിലെ 12/201 എ, 12/201 ബി എന്നീ കടമുറികൾ 1-4-2002-ൽ പ്രതിമാസ വാടക യഥാക്രമം 1910, 1625 എന്നീ നിരക്കുകളിൽ ശ്രീമതി ടെസ്സി റാഫേൽ വലിയവേലിക്കകത്ത് എന്നയാൾ ലേലംകൊണ്ടു. എന്നാൽ കരാർ എഴുതാതെ 1-1-2003 നും 27-6-2003 നും താക്കോൽ കൈമാറുകയുണ്ടായി. ലേല നിബന്ധന പ്രകാരം ലേലം കൊണ്ടയാൾ മുറികളുടെ പ്രതിമാസ വാടക അതാതുമാസം അഞ്ചാം തീയതിയ്ക്കുമുമ്പായി പഞ്ചായത്ത് ഓഫീസിൽ അടയ്ക്കേണ്ടതാണ്. എന്നാൽ ലേല കാലാവധി തീരുന്നതുവരേയും

ഒരു ഗഡുപോലും വാടകക്കാരി പഞ്ചായത്തിൽ അടച്ചില്ല. കരുതൽ നിക്ഷേപയിനത്തിൽ തുക ഈടാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനത്തിൽ നിന്നും വാടക ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. ലേല നിബന്ധന പ്രകാരം വാടക ഓരോ മാസവും അഞ്ചാം തീയതിയ്ക്കുമുമ്പ് അടയ്ക്കുന്നില്ല എങ്കിൽ 18% പിഴപലിശ കൂടി ഈടാക്കേണ്ടതായിരുന്നു. പക്ഷേ പഞ്ചായത്ത് അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ലേല നിബന്ധന പ്രകാരം നിലവിലുള്ള വാടകയിനത്തിലോ മറ്റോ വീഴ്ച വരുത്തിയവരെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. 2003 ജനുവരിയിൽ കടമുറി ഏറ്റെടുത്തതിനുശേഷം യാതൊരു വാടകയും നൽകാതിരുന്ന വ്യക്തിക്കുതന്നെ 2003 ജൂൺ മാസം അടുത്ത കടമുറിയുടെ താക്കോൽ കൈമാറിയത് പഞ്ചായത്ത് അധികൃതരുടെ അനാസ്ഥയാണ്. ലേലനിബന്ധന പ്രകാരം മുറികൾ കൈവശം വയ്ക്കുന്നതിനുള്ള അവകാശം പരമാവധി മൂന്ന് വർഷമായിരുന്നിട്ടും കാലാവധി അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും കടമുറികൾ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും പഞ്ചായത്ത് അധികാരികളുടെ ഗുരുതരമായ കൃത്യവിലോപമാണ്. വാടകക്കരാർ രജിസ്റ്റർ ചെയ്യാതെ കടകളുടെ താക്കോൽ കൈമാറിയത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ലേലം ഉറപ്പിച്ചുകഴിഞ്ഞ് സെക്ഷൻ നോട്ടീസ് അയച്ച് ഏഴ് ദിവസത്തിനകം കരുതൽ നിക്ഷേപമടച്ച് കരാർ ഒപ്പുവച്ചില്ലെങ്കിൽ ലേലം ഒഴിവാക്കേണ്ടതാണെന്നുള്ള വ്യവസ്ഥ പ്രകാരമുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. പകരം 16-8-2007-ൽ പഞ്ചായത്ത് വാടകക്കാരിയുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് 50,000 രൂപ വാടകക്കാരി അടച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ നാളിതുവരെ വാടകയിനത്തിൽ കുടിശ്ശികവന്ന 1,96,764 രൂപയിൽ വാടകക്കാരി അടച്ച 50,000 രൂപ കിഴിച്ച് ബാക്കി 1,46,764 രൂപ അടയ്ക്കുന്ന തീയതി വരെ 18% പിഴപലിശ നിരക്കിൽ വാടകക്കാരിയിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി ശ്രീ. പി. കെ പ്രഭാകരനിൽനിന്ന് വാടക, പിഴപലിശ സഹിതം ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. പി. കെ പ്രഭാകരൻ, സെക്രട്ടറി, ഏലൂർ ഗ്രാമപഞ്ചായത്ത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1.1(i) )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഓഡിറ്റ് പരാമർശത്തിൻമേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**2. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തിരുവനന്തപുരം നഗരസഭ - തിരുവനന്തപുരം ജില്ല**

**ഗാന്ധിപാർക്ക് ലേലം - കരാറുകാരൻ ലേലത്തുക അടച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ 2.9.1

ഗാന്ധിപാർക്ക് പാർക്കിംഗ് ഏരിയയുടെ 2007-08 വർഷത്തെ ഫീസ് പിരിവ് 10,60,000 രൂപയ്ക്ക് ശ്രീ. പി. പ്രകാശ് എന്ന വ്യക്തി ലേലംകൊണ്ടു. ലേലത്തുകയുടെ മൂന്നിലൊന്ന് തുക അറിയിപ്പ് കിട്ടി രണ്ട് ദിവസത്തിനകം അടയ്ക്കുവാനും ബാക്കി തുക രണ്ടു തുല്യ ഗഡുക്കളായി 2007 ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ 11-ാം തീയതിക്കകം അടയ്ക്കാനും വ്യവസ്ഥ ചെയ്തിരുന്നു. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ലേല അടങ്കലിന് തുല്യമായ തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടി/സോൾവൻസി സർട്ടിഫിക്കറ്റും 50 രൂപ മുദ്രപ്പത്രത്തിലുള്ള കരാറും ഹാജരാക്കാൻ നിർദ്ദേശിച്ചു. ലേലത്തുകയുടെ മൂന്നിലൊന്നായ 3,53,500 രൂപ 22-2-2007-ൽ തന്നെ അടച്ചെങ്കിലും നഗരസഭാ സെക്രട്ടറിയുമായി ഉടമ്പടിയിലൊപ്പുവയ്ക്കാതെ തന്നെ പാർക്കിംഗ് ഫീസ് പിരിച്ചുവന്നു. ബാങ്ക് ഗ്യാരണ്ടി, കരാർ ഉടമ്പടിപത്രം എന്നിവ ഹാജരാക്കുന്നതിനുള്ള സമയ പരിധി കരാറുകാരന്റെ ആവശ്യപ്രകാരം നിരവധിതവണ നീട്ടിക്കൊടുത്തതായും 4-5-2007 വരെ അവ ഹാജരാക്കിയിട്ടില്ലെന്നും റവന്യൂ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. പാർട്ട് പേമെന്റായി 50,000 രൂപ, രണ്ടാം ഗഡു ലേലത്തുകയായി 3,03,333 രൂപ, പിഴപലിശയിനത്തിൽ 6,067 രൂപ എന്നിവ 30-7-2007-ൽ കരാറുകാരൻ ഒടുക്കിയിട്ടുണ്ട്. കരാർപത്രം ഹാജരാക്കാതിരിക്കുകയും മൂന്നാം ഗഡു തുക ആഗസ്റ്റിൽ അടയ്ക്കാതിരിക്കുകയും ചെയ്യുന്നപക്ഷം കരാർ റദ്ദു ചെയ്യുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം ചെയ്യുന്നതാണെന്നും 29-10-2007-ൽ റവന്യൂ ഓഫീസർ നോട്ടീസ് നൽകിയതിനെ തുടർന്ന് കരാറുകാരൻ 21-11-2007-ൽ നഗരസഭാ സെക്രട്ടറിയുമായി മുൻതീയതി വച്ച് കരാർ ഒപ്പിട്ടുകയായിരുന്നുവെന്ന് നഗരസഭാ സെക്രട്ടറി തന്നെ വസ്തുതാവിവരണപട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. മൂന്നാം ഗഡുവായി അടയ്ക്കേണ്ടതിൽ 60,000 രൂപ 14-12-2007-ലും 63,000 രൂപ 31-12-2007-ലും ഒടുക്കുവരുത്തി

മൂന്നാം ഗഡുവിൽ ബാക്കിയുള്ള 2,30,334 രൂപയും 2007 ആഗസ്റ്റ് 11 മുതൽ ലഭിക്കേണ്ട പിഴപ്പലിശയും ചേർത്ത് കരാറുകാരനിൽ നിന്നോ യഥാസമയം കരാർ ഒപ്പിടുന്നതിലും ഈ തുക ഈടാക്കുന്നതിലും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ : ശ്രീമതി എസ്. ഇന്ദിരാമ്മ (റവന്യൂ ഓഫീസർ)

റ്റി.സി.7/1972(1), ചിത്രാനഗർ, പാങ്ങോട്, തിരുമല പി.ഒ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1.3 (i) )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**4. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോട്ടയം നഗരസഭ - കോട്ടയം ജില്ല**

**മുൻകാല പ്രാബല്യത്തിൽ വാടകച്ചീട്ട് പുതുക്കൽ വാടക കുടിശ്ശിക ഈടാക്കാത്തത് - നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07 (വരവ് - ചെലവ്), ഖണ്ഡിക നമ്പർ 2-3-3

വാടകച്ചീട്ടിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതുക്കാത്ത ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ/സ്റ്റാളുകൾ/ബങ്കുകൾ വാടകക്കാർ അനധികൃതമായി കൈവശം വച്ചനുഭവിക്കുന്നത് മുനിസിപ്പാലിറ്റിയിൽ ഒരു സാധാരണ സംഭവമാണ്. അനധികൃതമായി മുറി കൈവശം വച്ചിരിക്കുന്നവർക്ക് പിന്നീട് വാടക കാലാവധി മുൻകാല പ്രാബല്യത്തിൽ ദീർഘിപ്പിച്ചു നൽകുന്നതിന് മുനിസിപ്പൽ കൗൺസിൽ അനുമതി നൽകുകയും ചെയ്യുന്നു. ഇപ്രകാരം മുൻകാല പ്രാബല്യത്തിൽ വാടകച്ചീട്ട് പുതുക്കിയതിനാലും മുറികളുടെ വാടക കുടിശ്ശിക പൂർണ്ണതോതിൽ ഈടാക്കാത്തതിനാലും മുനിസിപ്പൽ ഫണ്ടിന് 2,62,665 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. 1-1-2006, 14-11-2006 തീയതികളിലെ ജി.1-10423/03 നമ്പർ ഓഫീസ് ജോലി വിഭജന ഉത്തരവു പ്രകാരം രജിസ്റ്ററുകളുടെ കൃത്യത പരിശോധിക്കൽ

(കീഴ്ജീവനക്കാരായ ക്ലാർക്കുമാർ തയ്യാറാക്കുന്ന ഡി.സി.ബി. പരിശോധിക്കുന്നത് ഉൾപ്പെടെ) റവന്യൂ സൂപ്രണ്ടിന്റെ ഉത്തരവാദിത്വമാകയാൽ ഈ ഇനത്തിൽ നഷ്ടം 2,62,665 രൂപ അദ്ദേഹത്തിൽ നിന്നും വസൂലാക്കി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും :

| | |
|---|---|
| 1. ശ്രീമതി ലാലി പി. ഐപ്പ്, റവന്യൂസൂപ്രണ്ട്, പാടത്തറ, മണർകാട് പി. ഒ, കോട്ടയം | - 22,167 രൂപ |
| 2. ശ്രീ. കെ. മധുസൂദനൻ നായർ , റവന്യൂസൂപ്രണ്ട്, വാകനാനിൽ വീട് , കടയനിക്കാട് , കങ്ങഴ പി.ഒ | - 2,40,498 രൂപ |
| | 2,62,665 രൂപ |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1.4 (1) )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരാമർശക്കാലയളവിലെ വാടക കുടിശ്ശിക മുഴുവൻ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവ് വരുത്തിയിട്ടുണ്ടെന്നും കുടിശ്ശിക വരുത്തിയ KWWCCS നെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കോട്ടയം നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്ജ്) മറുപടി നൽകി.

6. ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയതെപ്പോഴാണെന്നും അതിന്റെ നിലവിലെ സ്ഥിതിയെ സംബന്ധിച്ചും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് 2022-ലാണ് നോട്ടീസ് നൽകിയതെന്നും കളക്ടറേറ്റിൽ നിന്നാണ് ഇതുസംബന്ധിച്ച് നടപടിയെടുക്കേണ്ടതെന്നും കോട്ടയം നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്ജ്) മറുപടി നൽകി.

7. റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കിയതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**8. KWWCCS നെതിരെ റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കിയതിനു ശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കണ്ണൂർ നഗരസഭ – കണ്ണൂർ ജില്ല**

**വസ്തുനികുതി തെറ്റായി അസസ് ചെയ്തതിൽ നഗരസഭയ്ക്ക് ഭീമമായ നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ 2-3

2007-08 സാമ്പത്തിക വർഷം വസ്തുനികുതി തെറ്റായ രീതിയിൽ നിർണ്ണയിച്ചതിന്റെ ഫലമായി 30-11-2009 വരെ വസ്തുനികുതി ഇനത്തിൽ 69,45,802 രൂപ നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്. 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 233, 234 എന്നിവയിലും, അവയുടെ ഉപവകുപ്പുകളിലും നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ മൊത്തം വാർഷിക വാടക മൂല്യത്തിന് നികുതി കണക്കാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ കാലപ്പഴക്കത്തിനനുസരിച്ച് മാത്രമേ ഇളവുകൾ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ നഗരസഭയിൽ 2007-08 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ താമസത്തിന് വേണ്ടിയുള്ള കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ 20%വും, ആകെ വാർഷിക മൂല്യത്തിന് വീണ്ടും 20%-വും ഇളവ് നൽകിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. വാടകയ്ക്കും മറ്റാവശ്യങ്ങൾക്കും നൽകിയ കെട്ടിടങ്ങൾക്ക് കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ 20% ഇളവും നൽകിയിട്ടുണ്ട്. ഇത്തരം ഇളവുകൾ നൽകുന്നതിന് നിയമം അനുശാസിക്കുന്നില്ല. മാത്രമല്ല 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 234(3) പ്രകാരം വാടകയ്ക്കും മറ്റ് ആവശ്യങ്ങൾക്കും നൽകിയ കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യാടിസ്ഥാനത്തിൽ അസസ് ചെയ്ത നികുതിയുടെ 25% കൂട്ടിച്ചേർത്ത് ആകെ നികുതി നിശ്ചയിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ടല്ല 2007-08 സാമ്പത്തിക വർഷം നഗരസഭ നികുതി നിശ്ചയിച്ചത്. ഇത്തരത്തിൽ തെറ്റായ രീതിയിൽ നികുതി നിശ്ചയിച്ചു നൽകിയതിനാൽ 30-11-2009 വരെ നഗരസഭയ്ക്ക് 69,45,802 രൂപ വസ്തുനികുതി ഇനത്തിൽ നഷ്ടമായിട്ടുണ്ട്. ഗ്രന്ഥശാലാവരി ഇനത്തിൽ 68,792 രൂപയുടേയും പുവർഹോം സെസ് ഇനത്തിൽ 1,38,119 രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. ഇന്ദ്രബാലൻപിള്ള, സെക്രട്ടറി, ഗൗരി, കോട്ടയ്ക്കകം, തൃക്കടവൂർ, പെരിനാട് പി.ഒ, കൊല്ലം.
2. ശ്രീമതി എം. സബീനപോൾ, സെക്രട്ടറി, 'ടച്ച് സ്റ്റോൺ മാനർ', അപ്പാർട്ട്മെന്റ് നമ്പർ 8 എ(1) മാതൃഭൂമി, വഞ്ചിയൂർ, തിരുവനന്തപുരം.

3. ശ്രീ. രാജു മാത്യു, നഗരസഭാ എഞ്ചിനീയർ (സെക്രട്ടറിയുടെ അധിക ചുമതല), അക്കപാടിക്കൽ ഹൗസ്, തേക്കുംമല, കദളിക്കാട് പി.ഒ, മൂവാറ്റുപുഴ, എറണാകുളം, പിൻ-686731

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1.8 (i) )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് 1995 മുതൽ 2009 വരെയുള്ള കാലയളവിൽ വാസഗൃഹങ്ങൾക്ക് വാർഷിക വാടകമൂല്യത്തിന്റെ 40 ശതമാനം കിഴിവ് അനുവദിച്ചും മറ്റ് കെട്ടിടങ്ങൾക്ക് 20 ശതമാനം കിഴിവ് അനുവദിച്ചുമാണ് കണ്ണൂർ നഗരസഭ വസ്തു നികുതി ഈടാക്കി വന്നിരുന്നതെന്നും 1999-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 234 അനുസരിച്ച് 24-8-1999 മുതൽ പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം വസ്തു നികുതി നിർണ്ണയിക്കുമ്പോൾ വാർഷിക വാടക മൂല്യത്തിന് കിഴിവുകളൊന്നും അനുവദിച്ച് നൽകിയിട്ടില്ലെന്നും വാസഗൃഹമല്ലാത്ത മറ്റ് കെട്ടിടങ്ങൾക്ക് വാർഷിക നികുതിയോടൊപ്പം 25 ശതമാനം അധികനികുതി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണെന്നും കണ്ണൂർ നഗരസഭയുടെ ഓഡിറ്റ് പരാമർശപ്രകാരം വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളതെങ്കിലും വാർഷിക മൂല്യം നിശ്ചയിച്ചത് വളരെ ഉയർന്ന നിരക്കിലും ആയതുപ്രകാരം ചുമത്തിയ നികുതി മറ്റ് നഗരസഭകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലുമായതിനാൽ വസ്തുനികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലാത്തതാണെന്നും 30-11-2009 വരെ വസ്തു നികുതിയിനത്തിൽ 69,45,802 രൂപയും ലൈബ്രറി സെസ് ഇനത്തിൽ 68,792 രൂപയും പുവർഹോം സെസ് ഇനത്തിൽ 1,38,119 രൂപയും നഷ്ടം വന്നുവെന്ന് പറയുന്നത് നടപടികളിൽ വന്ന പാളിച്ച മാത്രമാണെന്നും ഓഡിറ്റ് പരാമർശപ്രകാരമുള്ള വിഷയം നഗരസഭ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും നികുതി ധനകാര്യ കമ്മിറ്റിയുടെ 20-9-2008-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് 40 ശതമാനവും മറ്റ് കെട്ടിടങ്ങൾക്ക് 20 ശതമാനവും കിഴിവ് അനുവദിച്ചുകൊണ്ട് 2008-വരെ നികുതി നിർണ്ണയം നടത്തിയ നടപടി അംഗീകരിക്കുന്നതിന് കൗൺസിലിലേയ്ക്ക് ശിപാർശ ചെയ്യുകയും 27-11-2008-ലെ 62-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പ്രസ്തുത വിഷയം സർക്കാരിലേയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചതനുസരിച്ച് 17-2-2012-ൽ സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുള്ളതുമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ (നഗരകാര്യ, ആരോഗ്യം) സമിതിയെ ബോധിപ്പിച്ചു.

10. 1999-ലെ ഭേദഗതി പ്രകാരം അനുവദനീയമല്ലാത്ത നികുതിയിളവ് നഗരസഭ അനുവദിച്ചിരുന്നുവെന്നുള്ളത് പ്രസ്തുത മറുപടിയിൽ വ്യക്തമാണെന്നും മറ്റ് നഗരസഭകൾ ഈടാക്കുന്ന നികുതിയുമായി താരതമ്യം ചെയ്യുമ്പോൾ നഷ്ടം വന്നില്ല എന്നുപറയുന്നത് നിയമപരമല്ലെന്നും കാരണം നികുതി നിർണ്ണയിക്കുന്നതും അത് നടപ്പാക്കുന്നതും നഗരസഭ ആയതിനാൽ നഗരസഭ നിർണ്ണയിച്ച നികുതിയിൽനിന്ന് നിയമപരമല്ലാത്ത കുറവ് വരുത്തിയെന്നത് വസ്തുതാപരമായി നിലനിൽക്കുന്നതിനാൽ സർക്കാർ സാധൂകരണം നൽകിയാൽ മാത്രമേ ഇതിന് പരിഹാരമാകൂ എന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

11. 2007-08 സാമ്പത്തിക വർഷം 2,72,32,680 രൂപ നികുതി ലഭിക്കുകയും ആയതിൽ ലൈബ്രറി സെസ് ഇനത്തിലെ 13,61,634 രൂപ 31-3-2010-ന് ലൈബ്രറി കൗൺസിലിന് നൽകിയിട്ടുള്ളതാണെന്നും പുവർഹോം സെസ് ഇനത്തിലെ 4,69,980 രൂപ 12-11-2019 തീയതി വരെയുള്ള കുടിശ്ശികയടക്കം 16,14,093 രൂപ ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും ഇളവ് നൽകി നികുതി ചുമത്തിയ വിഷയം സർക്കാരിന്റെ സാധൂകരണത്തിനായി അയച്ചിട്ടുണ്ടെന്നും വസ്തുനികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം വരുത്തിയിട്ടില്ല എന്നത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യ, ആരോഗ്യ) ജോയിന്റ് ഡയറക്ടർ അപേക്ഷിച്ചു. പ്രസ്തുത വിഷയത്തിൽ സാധൂകരണം തേടി 2012-ൽ സർക്കാരിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്ന് കണ്ണൂർ നഗരസഭ സെക്രട്ടറി കൂട്ടിച്ചേർത്തു.

12. പ്രസ്തുത വിഷയത്തിൻമേൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**13. ഇളവുനൽകി വസ്തുനികുതി ചുമത്തിയ വിഷയത്തിൻമേൽ സാധൂകരണം തേടി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കണ്ണൂർ നഗരസഭ സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിയമങ്ങളും ഉത്തരവുകളും ചട്ടങ്ങളും ലംഘിച്ചുള്ള പ്രവൃത്തികൾ**

സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾ ലംഘിച്ചുകൊണ്ട് വിവിധ പദ്ധതികൾ നിർവഹിച്ചുവരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായും നിരവധി

പ്രവൃത്തികൾ ചെയ്തുവരുന്നു. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. അപ്രകാരം പ്രവൃത്തി നിർവഹിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

## കൊടകര ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല

### ഉഴിഞ്ഞാൽ പാടം ബണ്ട് സംരക്ഷണം - സർക്കാർ ചട്ടങ്ങൾ പാലിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഖണ്ഡിക നമ്പർ 3.8

ഉഴിഞ്ഞാൽ പാടം ചെറിയ പാലം മുതൽ കിഴക്കേ തോടിന്റെ ഇടിഞ്ഞുപോയ ഇരു കരകളും കെട്ടി സംരക്ഷിക്കുന്ന ഈ പദ്ധതിയുടെ മൊബിലൈസേഷൻ അഡ്വാൻസായി 25,000 രൂപ കൺവീനർ ശ്രീ. പി. സി. ജേക്കബിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ അടങ്കൽ 1 ലക്ഷം രൂപയാണ്.

ജില്ലാ കളക്ടറുടെ 17-7-2006-ലെ നമ്പർ ഇ.1484/04-ാം നമ്പർ പ്രകാരമുള്ള കത്തിൽ ഈ പദ്ധതിയെ സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ടതിന് ബ്ലോക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ടി ബണ്ടിന്റെ പണി ബ്ലോക്കിലെ എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ല ചെയ്തിരിക്കുന്നതെന്നും, ആയതിനാൽ മറ്റു തുകകളൊന്നും നൽകേണ്ടതില്ല എന്ന് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നു.

കൂടാതെ 30-8-2006-ലെ കത്തിൽ പുതുക്കാട് പഞ്ചായത്ത് പ്രസിഡന്റ്, ഈ പദ്ധതി സ്വകാര്യ വ്യക്തിയുടെ ഭൂമി സംരക്ഷിക്കാൻ മാത്രം ഉപകരിക്കുന്നതാണെന്നും ഈ പണി ചെയ്യേണ്ട ആവശ്യമില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം സർക്കാർ ചട്ടങ്ങൾ മറികടന്ന് ചെയ്യുന്ന ജോലിയെ സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തേണ്ടതും ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തി ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : കെ. ആർ. വാസുക്കുട്ടി, അനുഗ്രഹാലയം, മല്ലശ്ശേരി പി.ഒ. പത്തനംതിട്ട.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2.2(i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

14. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 2004-2005 സാമ്പത്തിക വർഷത്തെ എസ്. ജി. ആർ. വൈ.-ൽ

ഉൾപ്പെട്ട ഒരു ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയായിരുന്നു ഉഴിഞ്ഞാൽ പാടം ബണ്ട് സംരക്ഷണമെന്നും പദ്ധതിയുടെ നടത്തിപ്പിനായി 25,000 രൂപയാണ് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരുന്നതെന്നും എന്നാൽ 40,000 രൂപയുടെ വാല്യൂവേഷൻ ലഭിച്ചിട്ടുണ്ടെന്നും തോട് നവീകരിച്ചത് ഇപ്പോഴും നല്ല രീതിയിൽ നിലനിൽക്കുന്നുണ്ടെന്നും കൊടകര ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ മറുപടി നൽകി.

15. അന്നത്തെ കാലഘട്ടത്തെ നിരക്കനുസരിച്ചാണോ മൂല്യനിർണ്ണയം നടത്തിയതെന്ന് സമിതി ആരാഞ്ഞതിന് അടുത്ത കാലത്താണ് മൂല്യനിർണ്ണയം നടത്തിയതെന്നും ഡിപ്രീസിയേഷൻ കഴിഞ്ഞുള്ള നിരക്കനുസരിച്ചാണ് 40,000 രൂപ മൂല്യനിർണ്ണയം കാണിച്ചിരിക്കുന്നതെന്നും കൊടകര ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ വ്യക്തമാക്കി.

16. ഡിപ്രീസിയേഷൻ കഴിഞ്ഞിട്ടുള്ള വാല്യൂവേഷൻ തുകയോട് യോജിക്കാൻ കഴിയില്ലെന്നും നിലവിലെ നിരക്കനുസരിച്ച് പഴയ വാല്യൂവേഷൻ കണക്കാക്കുന്നതിൽ കാര്യമില്ലെന്നും നിരീക്ഷിച്ച സമിതി പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനുമുന്നിൽ സമർപ്പിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട രേഖയായ എം. ബുക്ക് ഹാജരാക്കാത്തത് വലിയ വീഴ്ചയാണെന്ന് വിലയിരുത്തി.

17. ബ്ലോക്ക് പഞ്ചായത്തിന്റെ അവകാശവാദത്തോട് പുതുക്കാട് ഗ്രാമപഞ്ചായത്തിന് വിയോജിപ്പുണ്ടെന്നും ഒരു സ്വകാര്യ വ്യക്തിക്കുമാത്രം പ്രയോജനപ്പെടുന്ന പ്രവർത്തനമാണെന്ന് കാണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കത്ത് നൽകിയിട്ടുണ്ടെന്നും ഇത്തരമൊരു വിയോജിപ്പ് നിലനിൽക്കുന്നതുകൊണ്ട് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് 16-1-2019-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പദ്ധതിക്ക് അംഗീകാരം നൽകിയതിന്റെ പകർപ്പ് സർക്കാരിന് കൈമാറിയിട്ടുണ്ടെന്ന് കൊടകര ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ ബോധ്യപ്പെടുത്തി.

18. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്നും അതിനുശേഷം പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**19. ഉഴിഞ്ഞാൽ പാടം ബണ്ട് സംരക്ഷണം സംബന്ധിച്ച് 16-1-2019-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പദ്ധതിക്ക് അംഗീകാരം നൽകിയതിന്റെ പകർപ്പ് പരിശോധനയ്ക്കായി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## ഇടുക്കി ജില്ലാ പഞ്ചായത്ത് - ഇടുക്കി ജില്ല

**മരാമത്തു പണികൾക്കായി പദ്ധതി വിഹിതം മുൻകൂർ പിൻവലിച്ചത് - മരാമത്ത് പണി പൂർത്തീകരിക്കാത്തത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ 3-13

2006-2007-ലെ പദ്ധതിവിഹിതം യഥാകാലം വിനിയോഗിക്കുന്നതിൽ പഞ്ചായത്ത് വീഴ്ചവരുത്തുകയാൽ സർക്കാർ നിർദ്ദേശിച്ച വിനിയോഗ ശതമാനം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായതായി കാണുന്നു. പഞ്ചായത്തിന് തുടർന്ന് പദ്ധതി വിഹിതം ലഭിക്കുന്നതിന് വിഘാതമായേക്കാവുന്ന ഈ അവസ്ഥയെ നിർവഹണ അധികാരികൾ വളരെ ലളിതമായ ഒരു കുറുക്കുവഴി പ്രയോഗിച്ച് തരണം ചെയ്തിട്ടുള്ളതായി കാണുന്നു. മരാമത്തു പണികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അന്തിമ ബിൽ തയ്യാറാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ ചട്ടങ്ങൾ പ്രകാരം പൊതുമരാമത്തു വകുപ്പിൽ അനുവദനീയമായ ഹാന്റ് രസീതുകൾ ഉപയോഗിച്ച് പണികൾ ആരംഭിക്കുകപോലും ചെയ്യാത്ത പ്രോജക്ടുകൾക്ക് വ്യാപകമായി തുകകൾ പിൻവലിച്ച് കൺവീനർമാർക്കും എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

1997-ലെ കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, പദ്ധതിവിഹിതം പിൻവലിക്കൽ സംബന്ധിച്ച് 12-4-2006-ലെ ജി.ഒ.(പി) നമ്പർ 177/2006/ഫിൻ. ഉത്തരവ് തുടങ്ങി ധനവിനിയോഗം സംബന്ധമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഒന്നും ഇപ്രകാരം മുൻകൂറായി തുക പിൻവലിക്കാൻ അനുമതി നൽകപ്പെട്ടിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്ന സദുദ്ദേശ്യത്തിൽ പണം പിൻവലിച്ചുവെങ്കിലും പദ്ധതി പൂർത്തീകരിക്കുന്നതിൽ യാതൊരു ശുഷ്കാന്തിയും പ്രകടമാക്കിയിട്ടില്ല. 2007 മാർച്ച് മാസത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് രണ്ടോ, മൂന്നോ മാസങ്ങൾക്കകം പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതികൾ 2008 മാർച്ചിലും പൂർത്തീകരിച്ചിട്ടില്ലായെന്നത് ലക്ഷ്യബോധമില്ലാത്ത ധനകാര്യ മാനേജ്മെന്റിന്റെ സ്വയം പ്രകടമാക്കുന്ന ഉദാഹരണമാണ്.

മരാമത്തു പണികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടി തുക തിരികെ ഈടാക്കി ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2,78,49,911 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. പി. എൻ. ചന്ദ്രശേഖരൻ (സെക്രട്ടറി)
പാലമറ്റത്ത്, പിരളിമറ്റംകര, കദളിക്കാട് പി.ഒ
വാഴക്കുളം -636 670.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2.3 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

20. 1,74,06,006 രൂപ സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രസ്തുത പരാമർശം സംബന്ധിച്ച ഫയലുകൾ ലഭ്യമായിട്ടില്ലെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻചാർജ്) മറുപടി നൽകി. സ്ഥലപരിശോധന നടത്തി നിജസ്ഥിതി റിപ്പോർട്ട് ചെയ്യാൻ എത്ര സമയം ആവശ്യമായി വരുമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് 2006-2007 വർഷത്തിൽ നടന്ന പ്രവൃത്തിയാണിതെന്നും നിലവിൽ സ്ഥലപരിശോധന നടത്തി നിജസ്ഥിതി പരിശോധിക്കുന്നത് പ്രായോഗികമല്ലെന്നും പ്രവൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരാരും സർവ്വീസിലില്ലെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻചാർജ്) അറിയിച്ചു.

21. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ നേരിട്ട് പരിശോധന നടത്തുന്നതായിരിക്കും ഉചിതമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ നേരിട്ട് വിളിപ്പിക്കുകയും സർവ്വീസിൽ നിന്ന് വിരമിച്ച ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനുമായി ചർച്ച നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നുവെന്നും കാണാതായ ഫയലുകൾ സംബന്ധിച്ച് അടിയന്തര പരിശോധന നടത്തി സമിതി യോഗത്തിൽ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യണമെന്ന് കർശന നിർദ്ദേശം നൽകിയിരുന്നതാണെന്നും എന്നാൽ സമിതി യോഗത്തിൽ പങ്കെടുക്കാതെ, മറ്റൊരു ഉദ്യോഗസ്ഥനെ ചാർജ്ജ് ഏൽപ്പിച്ച് വളരെ നിരുത്തരവാദപരമായ സമീപനമാണ് ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

22. മേൽ പരാമർശിച്ച മരാമത്ത് ജോലികൾ ഏതെങ്കിലും ഗ്രാമപഞ്ചായത്തിനു വേണ്ടി ചെയ്തതാണെങ്കിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ അതുസംബന്ധിച്ച രേഖകൾ ഉണ്ടാകേണ്ടതല്ലേയെന്നും ഇതു സംബന്ധിച്ച് ഒരു ഫയലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന മറുപടിയിൽ നിന്നും അഴിമതി നടന്നിട്ടുണ്ടെന്നുള്ളത് വ്യക്തമാണെന്നും സമിതി വിലയിരുത്തി.

23. പണം നൽകിയതുസംബന്ധിച്ച് ഓഡിറ്റ് വകുപ്പ് കടുത്ത വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രവൃത്തികൾ കണ്ടെത്താൻ കഴിയുന്നില്ലെന്ന് മാത്രമല്ല അതുമായി ബന്ധപ്പെട്ട ഫയലുകളും കാണുന്നില്ലെന്നുള്ളതിൽ നിന്നും പ്രവൃത്തികൾ നടന്നിട്ടില്ലെന്ന് തന്നെയാണ് വ്യക്തമാകുന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

24. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**25. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ലഭ്യമല്ലെന്ന ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്)ന്റെ മറുപടിയിൽ നിന്നും അഴിമതി നടന്നിട്ടുണ്ടെന്ന് വ്യക്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## പാലക്കാട് ജില്ലാപഞ്ചായത്ത് - പാലക്കാട് ജില്ല

**ജില്ലാതല സമഗ്ര ഊർജ്ജസുരക്ഷാ പരിപാടി - പദ്ധതി നടപ്പിലാക്കാത്തതിനാൽ ഡെപ്പോസിറ്റ് തിരിച്ചീടാക്കണം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ 6.2

സമഗ്ര ഊർജ്ജ ആസൂത്രണ പദ്ധതി നടപ്പിലാക്കൽ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിന്യാസത്തിലൂടെയുള്ള ഊർജ്ജാസൂത്രണ നടത്തിപ്പ് എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. വ്യക്തിഗത ഗുണഭോക്താക്കൾ ഉള്ള ഈ പ്രോജക്ടിൽ ജനറൽ, എസ്.സി./എസ്.ടി. ഗുണഭോക്താക്കളെ വിറക് ബാലൻസ് പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുവാൻ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നു. ലഭ്യമായ പദ്ധതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു:

1. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടന്നതിന്റെ രേഖകൾ ഒന്നും ഓഡിറ്റിന് ലഭ്യമായില്ല.

2. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റും തയ്യാറാക്കിയിട്ടില്ല.

3. 47,00,000 രൂപ ഡെപ്പോസിറ്റ് ചെയ്ത പ്രവർത്തിക്കുവേണ്ടി ANERT മായി കരാർ രൂപീകരിച്ചിട്ടുമില്ല. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ ചെലവ് വിവരങ്ങളോ വിനിയോഗ പത്രമോ ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാതെ നിർവഹണ ഏജൻസിയായ ANERT-ൽ പദ്ധതി വിഹിതം ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. 10-3-2008 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ

(എം.എസ്)69/2008/ത.സ്വ.ഭ.വ പ്രകാരം പ്രോജക്ട് പ്രവർത്തനങ്ങൾ 1-4-2008-ന് തുടങ്ങാവുന്നതും 30-6-2009-ന് മുമ്പ് പൂർത്തീകരിക്കാവുന്നതുമാണ്. പ്രസ്തുത കാലാവധിക്കകം പ്രോജക്ട് പൂർത്തീകരിക്കാതിരുന്നാൽ കാലതാമസം വരുത്തിയ ഓരോ മാസത്തേക്കും എസ്റ്റിമേറ്റ് തുകയുടെ 2% നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതാണ്.

നിഷ്ക്രിയ നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്ന തുക സർക്കാർ നിർദ്ദേശിച്ച നിരക്കിൽ പിഴപ്പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ ചമയ്ക്കാത്തതുമൂലം തുക ഈടാക്കാൻ കഴിയാതെ വന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ നഷ്ടോത്തരവാദി ആയിരിക്കുന്നതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.2.4 (i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

26. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സൗരറാന്തൽ നൽകുന്നതിനുള്ള പദ്ധതിയ്ക്കായി 2007-08, 2008-09 വർഷങ്ങളിൽ യഥാക്രമം 47 ലക്ഷം രൂപയും 15 ലക്ഷം രൂപയുമുൾപ്പെടെ ആകെ 62 ലക്ഷം രൂപ നിർവഹണ ഏജൻസിയായ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും 9,69,670 രൂപ മാത്രമാണ് ചെലവഴിച്ചതെന്നും ബാക്കി തുക അനെർട്ട് നേരിട്ട് സർക്കാരിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്തതെന്നും 2017-ൽ തന്നെ പ്രസ്തുത മറുപടി ലഭ്യമാക്കിയിരുന്നുവെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

27. 9,69,670 രൂപ ചെലവഴിച്ചതിന്റെയോ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ ഏതൊക്കെ ഗുണഭോക്താക്കൾക്ക് നൽകിയെന്നതിന്റെയോ രേഖകൾ ലഭ്യമാക്കിയെങ്കിൽ മാത്രമേ ഓഡിറ്റ് വകുപ്പിന് പരിശോധിക്കാൻ സാധിക്കുകയുള്ളൂവെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന് പദ്ധതി നിർവഹണം അനെർട്ടിനെയാണ് ഏൽപ്പിച്ചതെന്നും ജില്ലാ പഞ്ചായത്ത് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും സൗരറാന്തൽ നൽകിയിട്ടില്ലെന്നും ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് നൽകിയതെന്ന ലിസ്റ്റ് അനെർട്ട് ലഭ്യമാക്കിയിട്ടില്ലെന്നും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

28. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാൻ അനെർട്ടിനോട് ആവശ്യപ്പെടാനും ലിസ്റ്റ് ലഭ്യമാക്കിയതിനുശേഷം പ്രസ്തുത പരാമർശം ഒഴിവാക്കുന്ന കാര്യം തീരുമാനിക്കാമെന്നും സമിതി നിർദ്ദേശിച്ചു. അതോടൊപ്പം മഹത്തായ ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്യുന്ന

ഇത്തരം പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**29. മഹത്തായ ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സൗരറാന്തൽ നൽകുന്നതിനുള്ള പദ്ധതി പ്രകാരം സൗരറാന്തൽ ലഭ്യമായവരുടെ ഗുണഭോക്തൃ ലിസ്റ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ അനെർട്ടിനോട് ആവശ്യപ്പെടുന്നതിനും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫണ്ട് വകമാറ്റി ചെലവഴിക്കൽ**

വിവിധ പദ്ധതികൾക്ക് സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത ഓരോ സാമ്പത്തിക വർഷവും തുടർന്നുവരുന്നു. ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുമ്പോൾ നിർദ്ദിഷ്ട പദ്ധതിലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല. തുക സർക്കാർ അനുവാദമില്ലാതെ ചെലവഴിക്കപ്പെടുന്നത് കൂടുതലും പദ്ധതിയേതര ചെലവുകൾക്കാണ്. ഇത് നിരുത്സാഹപ്പെടുത്തേണ്ടത് പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് അനിവാര്യമാണ്. ഇത്തരത്തിൽ ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

**ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്- തിരുവനന്തപുരം ജില്ല**

**ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കാതെ തുക വകമാറ്റി ചെലവഴിച്ചു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06, ഖണ്ഡിക നമ്പർ 3-5

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ പൂവളക്കുന്ന് എന്ന സ്ഥലത്ത് പഞ്ചായത്തിന്റെ ഒരേക്കർ ഭൂമിയിൽ ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി 1999-2000 വർഷം 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2006-07 സാമ്പത്തിക വർഷം 29,64,000 രൂപയ്ക്ക് 48/06- ാം നമ്പർ പദ്ധതി പ്രകാരം ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ പദ്ധതിയിൽ വീപ്പകൾ സ്ഥാപിക്കുക, 8 ലക്ഷം രൂപ വിലവരുന്ന മൂടിക്കെട്ടിയ വാഹനം വാങ്ങുക, 4.5 ടൺ ഖരമാലിന്യം

സംസ്കരിക്കാൻ കഴിയുന്ന പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുക എന്നിവയാണ് വിഭാവനം ചെയ്തത്. മാലിന്യം സംസ്കരിക്കുമ്പോൾ ലഭിക്കുന്ന കമ്പോസ്റ്റ് വളമായി ഉപയോഗിക്കാമെന്നും പ്രതിവർഷം 400 ടൺ കമ്പോസ്റ്റ് കിലോയ്ക്ക് 3 രൂപ നിരക്കിൽ വിപണനം നടത്തി ഏകദേശം 12 ലക്ഷം രൂപ വരുമാനം ഉണ്ടാക്കാമെന്നും പഞ്ചായത്തിനെ മാലിന്യമുക്തമാക്കാമെന്നും പദ്ധതി രേഖയിൽ ലക്ഷ്യമിട്ടിരുന്നു. എന്നാൽ 2006-07 വർഷം ഈ പദ്ധതി നടപ്പിലാക്കാതെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് മാത്രം വിനിയോഗിക്കാൻ 1999-2000 വർഷം സർക്കാർ അനുവദിച്ച തുക സർക്കാർ അനുവാദമില്ലാതെ ആർ.ഡി.ബി. വായ്പ തിരിച്ചടവിനായി വകമാറ്റി ചെലവഴിച്ചത് ക്രമവിരുദ്ധമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. ബി. സുദർശനൻ, സെക്രട്ടറി.

നിലാവ്,റ്റി.സി.31/201 (1) , ചാക്ക,പേട്ട.പി.ഒ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.3.1 )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31.സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**32. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വർക്കല നഗരസഭ – തിരുവനന്തപുരം ജില്ല**

**പാപനാശം വാഹന പാർക്കിംഗും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണവും പദ്ധതി ലക്ഷ്യം കൈവരിക്കാതെ ടൂറിസം ഫണ്ട് വകമാറ്റി ചെലവഴിച്ചു**

(തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് 26-5-2011-ന് അയച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7453/ എം.എൽ 1/2011-ാം നമ്പർ കത്ത്)

പാപനാശത്ത് വാഹന പാർക്കിംഗും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണവും എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി ടൂറിസം വകുപ്പ് 6 മാസത്തിനകം പണി

പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ വർക്കല മുനിസിപ്പാലിറ്റിക്ക് 25-10-2003-ൽ 25 ലക്ഷം രൂപയും (ഡി.ഡി.നം.050179 തീയതി 31-10-2003) 12-3-2004 ൽ 25 ലക്ഷം രൂപയും (ചെക്ക് നമ്പർ 989363/7-4-2004) നൽകുകയുണ്ടായി. ടി തുകകൾ യഥാക്രമം 15-11-2003, 27-7-2004 തീയതികളിൽ ധനലക്ഷ്മി ബാങ്ക് അക്കൗണ്ട് നമ്പർ 23160-ൽ നിക്ഷേപിച്ചിട്ടുണ്ട്. അംഗീകൃത പ്രോജക്ടിന്റെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഒരേക്കർ സ്ഥലം വാങ്ങുന്നതിന് | 20 ലക്ഷം രൂപ |
| 2. | 30 ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം | 7.5 ലക്ഷം രൂപ |
| 3. | 30 യൂറിനൽ ബ്ലോക്ക് നിർമ്മാണം | 2.4 ലക്ഷം രൂപ |
| 4. | സ്ഥലം പാർക്കിംഗിനായി അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് | 19.1 ലക്ഷം രൂപ |
| 5. | മറ്റിനം ചെലവുകൾ | 1.00 ലക്ഷം രൂപ |
| ആകെ | | 50 ലക്ഷം രൂപ |

തുക ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലാക്കാത്തതിനാൽ ജി.ഒ. (ആർ.റ്റി.) നമ്പർ 6126/06/റ്റി.എസ്.എം. തീയതി 1-8-2006 പ്രകാരം സർക്കാർ ഭരണാനുമതി റദ്ദുചെയ്യുകയുണ്ടായി. എന്നാൽ നഗരസഭ ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തുടങ്ങിയെന്ന ടൂറിസം ഡയറക്ടറുടെ 25-7-2007-ലെ സി.6-7520(എ)/03 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ജി.ഒ (ആർ.റ്റി.) നമ്പർ 7036/07/റ്റി.എസ്.എം. തീയതി 23-6-2007 പ്രകാരം സർക്കാർ ഭരണാനുമതി പുന:സ്ഥാപിച്ചു നൽകി.

4 വർഷം കഴിഞ്ഞിട്ടും ജോലി ആരംഭിച്ചിട്ടില്ലാത്തതിനാൽ 4 വർഷത്തേക്ക് 50 ലക്ഷം രൂപയ്ക്കുള്ള പലിശ ടൂറിസം ഡിപ്പാർട്ട്മെന്റിലേക്ക് തിരിച്ചടയ്ക്കണമെന്നും 3 മാസത്തിനകം പണി പൂർത്തീകരിക്കണമെന്നും അധികം വേണ്ട തുക തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും 10-10-2007 ലെ 65126/എ.3/07/റ്റി.എസ്.എം കത്ത് പ്രകാരം ടൂറിസം സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 23-3-2008-ൽ സെക്രട്ടറി തലത്തിൽ നടത്തിയ മീറ്റിംഗിൽ തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതിയ്ക്കുള്ള ഭൂമി വാങ്ങാമെന്നും ഇല്ലെങ്കിൽ 50 ലക്ഷം രൂപ പലിശ സഹിതം തിരിച്ചടയ്ക്കാമെന്നും നഗരസഭ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ടൂറിസം ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയുടെ 24-3-2008-ലെ 65126/എ.3/07/റ്റി.എസ്.എം. കത്ത് പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചത് പാർക്കിംഗ് സൗകര്യത്തിനും ടോയ്‌ലറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിനുവേണ്ടി മാത്രമാണെന്നും ഭൂമി വാങ്ങാനില്ലെന്നും ഭൂമി വാങ്ങുന്നതിന് നഗരസഭ ഫണ്ട് കണ്ടെത്താത്തപക്ഷം ടി തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ 11/08-ൽ 16.29 ആർ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 21 ലക്ഷം രൂപ (ഡി.ഡി. നമ്പർ 5165518/21-11-2008) സ്പെഷ്യൽ തഹസിൽദാർ, എൽ.എ. യൂണിറ്റിന് നൽകുകയും പ്രസ്തുത സ്ഥലം തഹസീർദാർ ഏറ്റെടുത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവിന് വിരുദ്ധമായാണ് ടി തുക നൽകിയത്. മാത്രവുമല്ല പ്രോജക്ടിൽ സ്ഥലം വാങ്ങലിനായി വകയിരുത്തിയ തുകയേക്കാൾ 1 ലക്ഷം രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്. ഇതിന് അധികൃതർ വിശദീകരണം നൽകിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 25-2-2010-ലെ 4612/ആർ.സി.ഐ/ 10/എൽ.എസ്.ജി.ഡി. കത്ത് പ്രകാരം അടിയന്തിരമായി 50 ലക്ഷം രൂപ ടൂറിസം ഡിപ്പാർട്ട്മെന്റിലേക്ക് തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി കത്തിന്റെ മറുപടിയിൽ 2009 ഏപ്രിലിൽ 16.29 ആർ ഭൂമി നഗരസഭയ്ക്ക് കൈമാറിയെങ്കിലും പ്രസ്തുത ഭൂമിയിലേക്കുള്ള വഴിക്കായി സർവ്വേ നമ്പർ 569, 575 (ഭാഗം) 577 (ഭാഗം), എന്നീ വസ്തുക്കൾ കൂടി ലഭ്യമായാൽ മാത്രമേ നഗരസഭയ്ക്ക് ടി വസ്തുവിൽ പദ്ധതിയുടെ ഒന്നാംഘട്ട പാർക്കിംഗ്-കം-ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ എന്ന് മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്.

ടൂറിസം ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 50 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്ത തീയതി | : | 15-11-2003, 27-7-2004 |
| ബാങ്ക് പലിശ 3.5% കണക്കാക്കിയാൽ പോലും 4 വർഷത്തേയ്ക്ക് പലിശ (1-8-2004 മുതൽ 21-11-2008 വരെ) | : | 7,00,000 രൂപ |
| 21-11-2008 ൽ ഭൂമി വാങ്ങലിനായി പിൻവലിച്ച തുക | : | 21,00,000 രൂപ |

| | | |
|---|---|---|
| ബാക്കിതുക<br><br>11/08/ മുതൽ 9/10 വരെയുള്ള ബാങ്ക് പലിശ (3.5%) | :<br><br>: | 36,00,000 രൂപ<br>2,03,000 രൂപ |
| പലിശയുൾപ്പെടെ ബാങ്ക് ബാലൻസായി ഉണ്ടാകേണ്ട തുക | : | 36,00,000+2,03,000<br>=38,03,000 രൂപ |
| 30-9-2010 ലെ നീക്കിയിരിപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 42,610 രൂപ |

37,60,390 രൂപ ഏതുവിധേന ചെലവാക്കി എന്നതുസംബന്ധിക്കുന്ന വിവരങ്ങൾക്ക് ആവർത്തിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിട്ടും (എൻക്വയറി നമ്പർ 24/18-1-2011) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

പാപനാശത്ത് വാഹന പാർക്കിംഗും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണവും എന്ന പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രധാന ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. ടി പ്രോജക്ടിനായി 50 ലക്ഷം രൂപ ടൂറിസം ഫണ്ടായി ലഭിച്ച് 7 വർഷം കഴിഞ്ഞിട്ടും പദ്ധതി ആരംഭിച്ചിട്ടില്ല.
2. ഉത്തരവിനു വിരുദ്ധമായി 21 ലക്ഷം രൂപ ടൂറിസം ഫണ്ടിൽ നിന്നും ചെലവഴിച്ച് 16.29 ആർ ഭൂമി വാങ്ങി.
3. പദ്ധതിയിൽ വിഭാവനം ചെയ്തതിലും 1 ലക്ഷം രൂപ അധികം ഭൂമി വാങ്ങലിനായി ചെലവഴിച്ചു.
4. പദ്ധതി നിർവഹണത്തിനായി വാങ്ങിയ ഭൂമിയിൽ പ്രവേശിക്കാൻ വഴി ഇല്ല. ആയതിനാൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.
5. 50 ലക്ഷം രൂപയിൽ 37,60,390 രൂപ ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ടൂറിസം മേഖലയിൽ വൻ പുരോഗമനമുള്ള വർക്കലയിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ടൂറിസം വികസനവും അതുവഴി നഗരസഭയ്ക്ക് സാമ്പത്തിക നേട്ടവും ലക്ഷ്യമിട്ട് നടപ്പിലാക്കാൻ വേണ്ടി തയ്യാറാക്കിയ പ്രോജക്ട് നാളിതുവരെ ആരംഭിക്കുക പോലും ചെയ്തിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥ : ശ്രീമതി എസ്. മീനാകുമാരി, സെക്രട്ടറി

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.3.2(i) )

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. വാഹന പാർക്കിംഗിനും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനും ലാന്റ് അക്വിസിഷൻ മുഖാന്തരമാണ് ഭൂമി ഏറ്റെടുത്തിരുന്നതെന്നും വാഹനം കയറാനുള്ള സൗകര്യമില്ലാതിരുന്നതിനാൽ അതിനായി ഒരു പ്രോജക്ട് തയ്യാറാക്കി പ്രവൃത്തി തുടങ്ങിയപ്പോൾ പ്രസ്തുത ഭൂമിയിൽ അവകാശം സ്ഥാപിച്ച് സ്വകാര്യ വ്യക്തി പ്രവൃത്തി തടസ്സപ്പെടുത്തിയെന്നും പ്രസ്തുത ഭൂമി ഒന്നുകൂടി അളന്ന് തിട്ടപ്പെടുത്തുന്നതിനായി ലാന്റ് സർവ്വേയർക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും അത് ലഭിച്ചാലുടൻ തന്നെ പ്രവൃത്തി പൂർത്തിയാക്കാമെന്നാണ് കരുതുന്നതെന്നും വർക്കല മുൻസിപ്പാലിറ്റി സൂപ്രണ്ട് അറിയിച്ചു.

34. 21-8-2009-ൽ 53.58 ആർ ഭൂമി നഗരസഭയുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ ടി ഭൂമി പോക്കുവരവ് ചെയ്ത് നഗരസഭയുടെ പേരിൽ ലഭ്യമാക്കിയിട്ടില്ലെന്നും ടി ഭൂമിയിലെ പാർക്കിംഗ് ഏരിയയിലേയ്ക്ക് വാഹനങ്ങൾ പ്രവേശിപ്പിക്കുന്നതിനാവശ്യമായ റാമ്പ് നിർമ്മിക്കുന്നതിന് ടെണ്ടർ എടുത്ത കരാറുകാരൻ പണി ആരംഭിച്ച സമയത്ത് ചില സ്വകാര്യ വ്യക്തികൾ അവകാശവാദം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി അഡീഷണൽ തഹസീൽദാർക്കും ജില്ലാ സർവ്വേ സൂപ്രണ്ടിനും കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഊർജ്ജിതപ്പെടുത്തുന്നതിന് 15-9-2022-ൽ ജില്ലാ കളക്ടർക്കും തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർക്കും കത്ത് അയച്ചിട്ടുള്ളതാണെന്നും പാർക്കിംഗ് ഏരിയയ്ക്ക് വേണ്ടി നഗരസഭ ഏറ്റെടുത്ത ഭൂമിയിൽ വാഹനങ്ങൾ കയറുന്നതിനാവശ്യമായ റാമ്പ് നിർമ്മാണം പൂർത്തീകരിച്ചെങ്കിൽ മാത്രമേ ടൂറിസം വകുപ്പ് വിഭാവനം ചെയ്ത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് ജോയിന്റ് ഡയറക്ടർ ബോധിപ്പിച്ചു.

35. 15-9-2022-ന് മാത്രമാണ് കത്ത് നൽകിയതെന്നുള്ളത് വളരെ ഗുരുതരമായ അനാസ്ഥയാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയത്തിൽ നഗരകാര്യ ഡയറക്ടർ പ്രത്യേക താല്പര്യമെടുത്ത് നിലവിലെ സ്ഥിതി മനസ്സിലാക്കി പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചു കൂടാതെ ഇക്കാര്യം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ /ശിപാർശകൾ**

**36. 21-8-2009-ൽ 53.58 ആർ ഭൂമി നഗരസഭയുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ ടി ഭൂമി പോക്കുവരവ് ചെയ്ത് നഗരസഭയുടെ പേരിൽ ലഭ്യമാക്കിയിട്ടില്ലെന്നും ടി ഭൂമിയിലെ പാർക്കിംഗ് ഏരിയയിലേയ്ക്ക് വാഹനങ്ങൾ പ്രവേശിപ്പിക്കുന്നതിനാവശ്യമായ റാമ്പ് നിർമ്മിക്കുന്നതിന് ടെണ്ടർ എടുത്ത കരാറുകാരൻ പണി ആരംഭിച്ച സമയത്ത് ചില സ്വകാര്യ വ്യക്തികൾ അവകാശവാദം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി അഡീഷണൽ തഹസീൽദാർക്കും ജില്ലാ സർവ്വേ സൂപ്രണ്ടിനും കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഊർജ്ജിതപ്പെടുത്തുന്നതിന് 15-9-2022-ൽ ജില്ലാ കളക്ടർക്കും തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർക്കും കത്ത് അയച്ചിട്ടുള്ളതാണെന്നും പാർക്കിംഗ് ഏരിയയ്ക്ക് വേണ്ടി നഗരസഭ ഏറ്റെടുത്ത ഭൂമിയിൽ വാഹനങ്ങൾ കയറുന്നതിനാവശ്യമായ റാമ്പ് നിർമ്മാണം പൂർത്തീകരിച്ചെങ്കിൽ മാത്രമേ ടൂറിസം വകുപ്പ് വിഭാവനം ചെയ്ത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി 15-9-2022-ൽ മാത്രമാണ് കത്ത് നൽകിയത് എന്നുള്ളത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള തികഞ്ഞ അനാസ്ഥയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിൽ നഗരകാര്യ ഡയറക്ടർ പ്രത്യേക താല്പര്യമെടുത്ത് പരിഹാരം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ഇക്കാര്യം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ടൂറിസം ഫണ്ട് - വകമാറ്റി ചെലവ് ചെയ്തു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-2006, ഖണ്ഡിക നമ്പർ 3-15

ടൂറിസം വകുപ്പിൽ നിന്നും നഗരസഭയിലെ ഖരമാലിന്യ സംസ്കരണം, പാപനാശത്ത് വണ്ടിത്താവളവും കക്കൂസ് നിർമ്മാണവും, നഗരം മോടിപിടിപ്പിക്കുന്നതിന് നടപ്പാത നിർമ്മാണം, ഡസ്റ്റ്ബിൻ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്കായി 2003-04 വർഷം അനുവദിച്ച 1,46,79,703 രൂപയിൽ 2005-2006 വർഷം 22,72,143 രൂപ നഗരസഭയിലെ ജീവനക്കാരുടെ ശമ്പളം, വേതനം, പെൻഷൻ മറ്റ് ചെലവുകൾ എന്നിവയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. ടി തുക ടൂറിസം ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. സ്റ്റീഫൻ എം.എ.

ഷാല്യം, റ്റി. സി. 3/628,പി.കെ.ആർ.എ-180,

ലക്ഷണാപുരി ലൈൻ, പട്ടം പി.ഒ.,

തിരുവനന്തപുരം - 695004.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.3.2(ii))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

37. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സോളിഡ് വേസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ, പാപനാശത്ത് പാർക്കിംഗിനും ടോയ്‌ലറ്റ് ബ്ലോക്ക് സ്ഥാപിക്കുന്നതിനുമായി 50 ലക്ഷം രൂപ, പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ഡസ്റ്റ്ബിന്നുകളും മറ്റും സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ എന്നിങ്ങനെ ഒന്നരക്കോടി രൂപയുടെ മൂന്ന് പ്രോജക്ടുകൾക്കാണ് ഫണ്ട് നൽകിയതെന്നും പാപനാശത്ത് പാർക്കിംഗിനും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനുമായി അനുവദിച്ച 50 ലക്ഷം രൂപയിൽ 21 ലക്ഷം രൂപ ഭൂമി വാങ്ങുന്ന ആവശ്യത്തിനായി നൽകിയിരുന്നുവെന്നും ബാക്കിയുള്ള 29 ലക്ഷം രൂപയിൽ 28,51,198 രൂപ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ശുചീകരണത്തൊഴിലാളികളുടെ വേതന ആനുകൂല്യത്തിനുമായാണ് നൽകിയതെന്നും 48,802 രൂപയാണ് അക്കൗണ്ടിൽ ബാക്കിയുള്ളതെന്നും വർക്കല നഗരസഭ സൂപ്രണ്ട് അറിയിച്ചു.

38. പാപനാശത്ത് പാർക്കിംഗിനും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനുമായി അനുവദിച്ച തുകയിൽ, പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചത് 26 ലക്ഷം രൂപയാണെന്നും ബാക്കി തുക വകമാറ്റി ചെലവഴിച്ചെന്നാണ് കാണുന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത തുക ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പ്ലാന്റിന്റെ ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചതെന്ന് വർക്കല നഗരസഭ സൂപ്രണ്ട് ബോധ്യപ്പെടുത്തി.

39. തുക വകമാറ്റി ചെലവഴിച്ചതിനെ ന്യായീകരിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

40. ടൂറിസം ഫണ്ട് നിലവിൽ പ്രത്യേകമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും ബാക്കിയുള്ള 48,802 രൂപ പ്രസ്തുത അക്കൗണ്ടിലാണുള്ളതെന്നും വർക്കല നഗരസഭ സൂപ്രണ്ട് അറിയിച്ചു.

41. വകമാറ്റി ചെലവഴിച്ച തുകയുടെ തിരിച്ചടവ് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**42. പാപനാശത്ത് പാർക്കിംഗിനും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനുമായി അനുവദിച്ച തുകയിൽ, പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചത് 26 ലക്ഷം രൂപയാണെന്നും ബാക്കി തുക ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പ്ലാന്റിന്റെ ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചതെന്നും അപ്രകാരം തുക വകമാറ്റി ചെലവഴിച്ചത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വകമാറ്റി ചെലവഴിച്ച തുകയുടെ തിരിച്ചടവ് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് - പാലക്കാട് ജില്ല**

**ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി പൈപ്പുകൾ വാങ്ങിയതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ചതിലും കൂടുതൽ നിരക്ക് നൽകി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-2007, ഖണ്ഡിക നമ്പർ 3-1 (I,II, III, IVa, IV b)

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് 2006-07-ൽ അച്ചൻമുക്ക്, നായ്ക്കർപടി, നക്കുപതി എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി കൺവീനർമാരുടെ അപേക്ഷകൾ പ്രകാരം പൈപ്പുകൾ വാങ്ങുന്നതിന് ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച കൽക്കി ഇലക്ട്രോസിന്റെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു നൽകി. എന്നാൽ പാലക്കാട് ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ 325/03/ ഡി.പി.ഒ. പാലക്കാട് തീയതി 10-12-2004 പ്രകാരം പി.വി.സി. പൈപ്പുകൾക്ക് കുമാർ പൈപ്പ്സ്, കൊച്ചി, എ.വൺ പോളിമേഴ്സ്, ഇരിങ്ങാലക്കുട എന്നീ സ്ഥാപനങ്ങളുടേയും ജി.ഐ. പൈപ്പുകൾക്ക് ലിബർട്ടി ഏജൻസീസ്, പാലക്കാട്, ജയരാജ് ട്രേഡേഴ്സ്, പാലക്കാട് എന്നീ സ്ഥാപനങ്ങളുടെയും ടെൻഡർ അംഗീകരിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവ് പാലിക്കാതെ അധിക നിരക്കിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് പൈപ്പുകൾ വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെപറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്. അധികം ചെലവഴിച്ച 1,81,091 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് | പൈപ്പുകൾക്ക് നൽകിയ തുക | ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | ജല്ലിപ്പാറ അച്ചൻമുക്ക് ജലസേചന പദ്ധതി | 34519 | 24987 | 9532 |
| 2 | നക്കുപതി ചെറുനാലി പ്രദേശം എൽ.ഐ.എസ്. | 57845 | 39219 | 18626 |
| 3 | നായ്ക്കർപാടി ലിഫ്റ്റ് ഇറിഗേഷൻ | 245515 | 185382 | 60133 |
| 4 | മട്ടത്ത്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 544000 | 510000 | 34000 |
| 5 | മട്ടത്ത്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരണം | 240000 | 181200 | 58800 |
| ആകെ | | | | 181091 |

ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും : ശ്രീ. സി. രാജൻ

പ്രോജക്ട് ഓഫീസർ

നിലവിലെ വിലാസം : സി. രാജൻ, പ്ലോട്ട് നമ്പർ 9, നെല്ലിക്കോട്

ഹൗസിംഗ് കോളനി, ചേവായൂർ പി.ഒ., കോഴിക്കോട്-17

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക, 3.4.3 (i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**44. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൂടുതൽ അന്വേഷണം ശിപാർശ ചെയ്യുന്നവ**

ക്രമപ്രകാരമല്ലാതെയും നിരുത്തരവാദിത്തത്തോടെയും പ്രവൃത്തി നിർവഹിച്ചതും ധനസഹായം ദുരുപയോഗം ചെയ്തതും സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങളിന്മേൽ അധിക ബാധ്യത വന്നിട്ടുണ്ടോ എന്നറിയുന്നതിന് വിവിധ ജില്ലകളിലെ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങളിൽ കൂടുതൽ അന്വേഷണം ശുപാർശ ചെയ്യുന്നു.

**കണ്ണൂർ നഗരസഭ – കണ്ണൂർ ജില്ല**

**മാലിന്യ നീക്കത്തിന് ടിപ്പർ ലോറികൾ ദിവസ വാടക അടിസ്ഥാനത്തിൽ ഉപയോഗിച്ചത് ക്രമവിരുദ്ധമായ നടപടികൾ - അന്വേഷണം ശുപാർശ ചെയ്തു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-2008, ഖണ്ഡിക നമ്പർ 3-26

മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ദിവസ വാടക അടിസ്ഥാനത്തിൽ ടിപ്പർ ലോറികൾ ഉപയോഗിച്ചത് നടപടിക്രമങ്ങൾ പാലിക്കാതെയും നഗരസഭയുടെ ഉത്തമ താൽപ്പര്യങ്ങൾ പരിഗണിക്കാതെയുമാണ്. നഗരസഭയിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഉപയോഗിച്ചുവന്ന കെ.എൽ. 13 എഫ് -2392, കെ. എൽ. 13 എഫ്-2289 എന്നീ ലോറികൾ തകരാറിലായതിനാൽ രണ്ട് ലോറികൾ വാടകയ്ക്ക് എടുക്കാനുള്ള നടപടികൾ എച്ച് 1/16087/07 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് വ്യവസ്ഥാപിത ടെണ്ടർ നടപടി ഒഴിവാക്കി ഹാന്റ് ക്വട്ടേഷൻ വാങ്ങിയാണ് കരാറുകാരനെ തെരഞ്ഞെടുത്തത്. ദിവസ വാടക 2,800 രൂപ രേഖപ്പെടുത്തിയ എം.ടി.മുഹമ്മദ്കുഞ്ഞിയുടെ ക്വട്ടേഷൻ അംഗീകരിക്കാൻ ഹെൽത്ത് സൂപ്പർവൈസർ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ക്വട്ടേഷനുകൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങുകയോ എഗ്രിമെന്റ് വയ്ക്കുകയോ വർക്ക് ഓർഡർ നൽകുകയോ ചെയ്യാതെ എം.ടി. മുഹമ്മദ്കുഞ്ഞി ഹാജിയുടെ രണ്ട് ടിപ്പർ ലോറികൾ 12-6-2007 മുതൽ മാലിന്യങ്ങൾ നീക്കുന്ന ജോലി തുടങ്ങുകയുണ്ടായി. മേൽ പ്രവൃത്തിക്ക് 6-7-2007-നാണ് ചെയർമാൻ മുൻകൂർ അനുമതി നൽകിയത്. 6-7-2007 ഉച്ചതിരിഞ്ഞ്

2 മണി വരെ നടന്ന പ്രവൃത്തിയുടെ തുക ആവശ്യപ്പെട്ട് ശ്രീ.എം.ടി.മുഹമ്മദ്കുഞ്ഞി ഹാജി 6-7-2007-ന് തന്നെ നൽകിയ അപേക്ഷ പരിഗണിച്ച് അന്നുതന്നെ എല്ലാ നടപടികളും പൂർത്തീകരിച്ച് വാടക അനുവദിച്ച നടപടി സംശയാസ്പദമാണ്. 11-7-2007-ന് ചാർജ്ജെടുത്ത പുതിയ സെക്രട്ടറിയുടെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പത്രപരസ്യം നൽകി 18-9-2007-ന് ക്വട്ടേഷൻ ക്ഷണിച്ചുവെങ്കിലും നടപടികൾ പൂർത്തീകരിക്കാൻ അകാരണമായ കാലതാമസമുണ്ടായി. 2,600 രൂപ ക്വാട്ട് ചെയ്ത ശ്രീ.എം.ടി.അബ്ദുൾ ബഷീറിന്റേതായിരുന്നു ഏറ്റവും കുറഞ്ഞ നിരക്ക് നെഗോസിയേഷൻ. നോട്ടീസിന് ശ്രീ.എം.ടി.അബ്ദുൾ ബഷീർ നൽകിയ മറുപടിയിൽ ക്വട്ടേഷൻ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒട്ടേറെ അവകാശവാദങ്ങളാണ് അദ്ദേഹം ഉന്നയിച്ചത്. പ്രഥമദൃഷ്ട്യാ തന്നെ നഗരസഭയ്ക്ക് അംഗീകരിക്കാനാവാത്ത വാദങ്ങൾ മുന്നോട്ട് വെച്ച് ടെണ്ടർ നടപടി അട്ടിമറിച്ച കരാറുകാരനെതിരെ നടപടി സ്വീകരിക്കണമെന്ന സെക്രട്ടറിയുടെ നിർദ്ദേശം പാലിക്കപ്പെട്ടില്ല. നിലവിലുള്ള കരാറുകാരൻ ശ്രീ.എം.ടി.മുഹമ്മദ്കുഞ്ഞി ഹാജിയുടെയും ശ്രീ.എം.ടി.അബ്ദുൾ ബഷീറിന്റെയും ക്വട്ടേഷനുകളിലെ ടെലഫോൺ നമ്പറുകൾ ഒന്നു തന്നെയാണെന്നുള്ളത് മൽസരാധിഷ്ഠിത ക്വട്ടേഷൻ നടപടികളെ അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നു എന്ന സംശയത്തിനിടയാക്കുന്നു. ടിപ്പർലോറി ദിവസ വാടക നിരക്കിൽ ഉപയോഗിച്ചതിന് നഗരസഭയ്ക്ക് 2007-08 വർഷം 9,04,400 രൂപ ചെലവായിട്ടുണ്ട്. തുക നൽകുമ്പോൾ ആദായനികുതി കുറച്ചിട്ടില്ല. 2.24% നിരക്കിൽ 20,259 രൂപ ആദായനികുതിയായി ഒടുക്കേണ്ടതായിരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണി യഥാസമയം നിർവഹിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് നഗരസഭയിൽ ഉണ്ടായിട്ടുള്ളത്. വാഹനങ്ങളുടെ അറ്റകുറ്റപ്പണി അടിയന്തിരമായി നടത്താനുള്ള 23-7-2007-ലെ കൗൺസിൽ തീരുമാനം നടപ്പാക്കപ്പെട്ടില്ല.

നഗരസഭയുടെ ഒരു വാഹനം മാത്രം ഓടാതിരുന്ന കാലയളവിലും (10-7-2007 മുതൽ 31-8-2007 വരെ) ദിവസവാടക അടിസ്ഥാനത്തിൽ രണ്ട് വാഹനം ഓടിച്ചതും തുക നൽകിയതും ഗുരുതരമായ ക്രമക്കേടാണ്. ഈ കാലയളവിൽ (35 ദിവസം) രണ്ടു വാടക വാഹനങ്ങളും സർവ്വീസ് നടത്തിയിട്ടുണ്ട്. ഈ ഇനത്തിലുണ്ടായ അധിക ചെലവായ 98,000 രൂപ (35X2,800) നഗരസഭയ്ക്കുണ്ടായ വ്യക്തമായ നഷ്ടമാണ്.

മാലിന്യം കുഴികളിലെത്തിക്കുന്നതിനായി എസ്കവേറ്റർ ഉപയോഗിക്കുകയും നടപടിക്രമങ്ങൾ പാലിക്കാതെ ലക്ഷക്കണക്കിന് രൂപ വാടകയിനത്തിൽ നൽകുകയും ചെയ്തതിനെക്കുറിച്ച് 2006-07 ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. അന്നും ഹാന്റ് ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കായി തെരഞ്ഞെടുത്തത് ശ്രീ.എം.ടി.മുഹമ്മദ് കുഞ്ഞിഹാജി എന്ന കരാറുകാരനെ തന്നെയായിരുന്നു. സമാനതകളേറെയുള്ള

ക്രമക്കേടുകളാണ് ആവർത്തിച്ചിരിക്കുന്നത്. ശ്രീ.എം.ടി.മുഹമ്മദ് കുഞ്ഞിഹാജി എന്ന കരാറുകാരന് നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ട് പ്രവൃത്തികൾ നൽകുന്നതിന് പിന്നിലുള്ള താൽപ്പര്യം വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

വ്യക്തമായ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥ :

ശ്രീമതി എം. സബീന പോൾ, സെക്രട്ടറി,

ടച്ച് സ്റ്റോൺ മാനർ, അപ്പാർട്ട്മെന്റ് നമ്പർ 8 എ (1),

മാതൃഭൂമി, വഞ്ചിയൂർ, തിരുവനന്തപുരം.

മറ്റ് പരാമർശങ്ങൾക്ക് ഉത്തരവാദി :

ശ്രീ. ബി. ഇന്ദ്രബാലൻ പിള്ള, സെക്രട്ടറി,

ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട്.പി.ഒ., കൊല്ലം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.6.1(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയെക്കുറിച്ചും നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ചും കരാർ കൃത്യമായി നടക്കാതിരിക്കുന്നതിന് അട്ടിമറി ശ്രമങ്ങളുണ്ടായിയെന്നുമുള്ള ഓഡിറ്റ് പരാമർശങ്ങളെ സംബന്ധിച്ചും സമിതി ആരാഞ്ഞതിന് നഗരസഭയിലെ മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിച്ചുവന്നിരുന്ന ലോറികൾ തകരാറിലായതിനാലാണ് രണ്ട് ടിപ്പർ ലോറികൾ ദിവസ വാടക അടിസ്ഥാനത്തിൽ വാടകയ്ക്കെടുത്തതെന്നും ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഭീഷണിയാകുന്ന സാഹചര്യം നിലനിന്നിരുന്നതിനാലാണ് ടെണ്ടർ നടപടികൾ ഒഴിവാക്കി കരാറുകാരനെ തെരഞ്ഞെടുത്തതെന്നും കണ്ണൂർ നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്ജ്) മറുപടി നൽകി.

46. സ്ഥിരം കരാറുകാരനാണ് ടെണ്ടർ നടപടികൾ ഒഴിവാക്കി നഗരസഭ കരാർ നൽകിയതെന്നും നഗരസഭയുടെ ഒരു വാഹനം ഓടാതിരുന്ന കാലയളവിലും ദിവസ വാടക അടിസ്ഥാനത്തിൽ രണ്ട് വാഹനം ഉപയോഗിച്ചുവെന്നുള്ളതും ക്വട്ടേഷൻ നൽകിയ രണ്ട് കരാറുകാരുടെയും ടെലിഫോൺ നമ്പർ ഒന്നുതന്നെയായിരുന്നുവെന്നുള്ളതും വാഹനങ്ങൾ അറ്റകുറ്റപ്പണികൾ നടത്താൻ കൗൺസിൽ തീരുമാനിച്ചെങ്കിലും അത് ചെയ്യാതെ

വാഹനങ്ങൾ വാടകയ്ക്കെടുത്തതും ക്വട്ടേഷനുകൾ സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങുകയോ എഗ്രിമെന്റ് വയ്ക്കുകയോ വർക്ക് ഓർഡർ നൽകുകയോ ചെയ്യാതെ കരാറുകാരന്റെ ലോറികൾ മാലിന്യങ്ങൾ നീക്കുന്ന ജോലികൾ തുടങ്ങി എന്നതും പ്രവൃത്തി പൂർത്തിയായ അന്നുതന്നെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി വാഹന വാടക അനുവദിച്ച് നൽകിയതുമെല്ലാം ക്രമക്കേട് നടന്നുവെന്നതിന്റെ വ്യക്തമായ തെളിവാണെന്ന് സമിതി വിലയിരുത്തി.

47. പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളാണെന്ന് പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ ഇപ്പോഴും സർവീസിലുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അവർ രണ്ട് പേരും സർവീസിൽ നിന്ന് വിരമിച്ചുവെന്നും അന്നത്തെ കാലഘട്ടത്തിൽ നഗരസഭാ പ്രദേശങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുന്ന അവസ്ഥയുണ്ടായാൽ സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ടാകുമായിരുന്നുവെന്നും 2011-ൽ വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റുമായി ബന്ധപ്പെട്ട പ്രശ്നം വന്നതിനുശേഷം മാലിന്യത്തിന്റെ വികേന്ദ്രീകൃത മാനേജ്മെന്റ് എന്ന രീതിയാണ് സ്വീകരിച്ചതെന്നും തദ്ദേശസ്വയംഭരണ (നഗരകാര്യ), (ആരോഗ്യ) ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

48. നഗരസഭ സെക്രട്ടറിയുടെ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് സ്വകാര്യവ്യക്തിക്ക് ലാഭമുണ്ടാക്കുന്ന രീതിയിൽ നഗരസഭയിലെ ഉദ്യോഗസ്ഥർ പ്രവർത്തിച്ചുവെന്നതാണ് വിഷയമെന്നും നിയമലംഘനം നടത്തിയ നഗരസഭയും സർക്കാരും വിഷയം ന്യായീകരിക്കാൻ ശ്രമിക്കുകയാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് ഈ വിഷയത്തിൽ തൃപ്തികരമായ മറുപടി നഗരസഭ സമർപ്പിച്ചിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

49. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിൽ അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്യാത്തത് എന്തുകൊണ്ടാണെന്നും ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർ സർവീസിൽ നിന്നും വിരമിക്കുമ്പോൾ അവർക്ക് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് NOC/NLC ആവശ്യമല്ലേയെന്നും ടിയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വാങ്ങുന്നതിന് തടസ്സമുണ്ടാകാത്തതെന്താണെന്നും സമിതി ആരാഞ്ഞതിന്, സർവീസിന്റെ അവസാന മൂന്ന് വർഷക്കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് NOC/NLC നൽകുന്നതെന്നും ഒരാൾ ജോലി ചെയ്തിരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ചില പരിമിതികളുണ്ടെന്നും ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ ഉള്ളവർക്കെതിരെ നടപടിയെടുക്കുന്നതിന് ധനകാര്യ വകുപ്പ് കർശന

നിലപാടുകൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് എൻ.എൽ.സി. നൽകരുതായിരുന്നുവെന്നും അവരുടെ പെൻഷനിൽ നിന്ന് തുക ഈടാക്കാനുള്ള നിർദേശം നൽകുന്നതായിരിക്കും ഉചിതമെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

50. ഉത്തരവാദപ്പെട്ട വകുപ്പിന് ഇക്കാര്യം ചെയ്യാവുന്നതേയുള്ളൂവെന്നും ബാധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് സമഗ്രമായ അന്വേഷണം ആവശ്യമാണെന്നും ഉദ്യോഗസ്ഥരുടെ വിരമിക്കൽ കാലാവധി സംബന്ധിച്ച് വ്യക്തമായ ധാരണ അതത് വകുപ്പുകൾക്കുണ്ടായിരിക്കണമെന്നും ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും പരാമർശമുണ്ടെങ്കിൽ അതിനനുസരിച്ച് തീർപ്പുണ്ടാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

51. ഒരു ഉദ്യോഗസ്ഥന്റെ സർവീസ് കാലഘട്ടത്തിൽ ഏതെല്ലാം ഉത്തരവാദിത്തങ്ങൾ നിർവഹിച്ചു, എന്തെല്ലാം ധനവിനിയോഗങ്ങൾ നടത്തി എന്നത് സംബന്ധിച്ച് ഓഡിറ്റിനും ഭരണവകുപ്പിനും അറിവുണ്ടാകുമെന്നും ഓഡിറ്റ് വകുപ്പിന്റെ അറിവോടുകൂടി മാത്രമേ എൻ.എൽ.സി. സർക്കുലേറ്റ് ചെയ്യാൻ പാടുള്ളൂ എന്ന വ്യവസ്ഥയുണ്ടാകണമെന്നും എങ്കിൽ മാത്രമേ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും ഓഡിറ്റ് പരാമർശം വന്നിട്ടുണ്ടോ എന്ന് മനസ്സിലാക്കാനും അതനുസരിച്ച് നടപടി സ്വീകരിക്കാനും കഴിയുകയുള്ളൂവെന്നും G-SPARK ക്രമീകരണം നടപ്പാക്കിയാൽ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാകുമെന്നും ഓഡിറ്റിന്റെ വിവരങ്ങളും അപ്ഡേറ്റ് ചെയ്യാൻ കഴിയുമെന്നും സർക്കാർ മേൽനോട്ടത്തിന്റെ ഭാഗമാണ് ഓഡിറ്റ് പരിശോധനയെന്നും ഓഡിറ്റിന്റെ ഭാഗമായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട നിരവധി വിഷയങ്ങളുണ്ടാകുമെന്നും അതുകൊണ്ടുതന്നെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തുടർനടപടികൾ ഉറപ്പാക്കാൻ ഒരു നിശ്ചിത ക്രമീകരണം ആവശ്യമാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

52. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**53. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് നഗരസഭ വ്യക്തമായ മറുപടി നൽകിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷ്യം പൂർത്തീകരിക്കാത്ത പദ്ധതികൾ**

പദ്ധതി വിഹിതം ഭാഗികമായി ചെലവാക്കിയതിനുശേഷം പദ്ധതി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന പ്രവണത ഓരോ വർഷവും കണ്ടുവരുന്നു. ഓരോ പദ്ധതിയിലും ആയതിന്റെ ഭൗതിക ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല. പദ്ധതി വിഹിതം ഏതു വിധേനയും ചെലവാക്കുക എന്നതിലുപരി, പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനാവിധേയമാക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ യഥാസമയം മോണിട്ടറിംഗ് നടക്കുന്നില്ല. പദ്ധതി മോണിട്ടറിംഗ് നിർബന്ധമാക്കി പദ്ധതി പൂർത്തീകരണത്തിന് ശാശ്വത പരിഹാരം കാണേണ്ടതാണ്.

**മണമ്പൂർ ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല**

**കുടിവെള്ള പദ്ധതി - 5 ലക്ഷത്തിലധികം രൂപ ചെലവഴിച്ചു - 8 വർഷം കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യം കണ്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-10

കൊടിതൂക്കിക്കുന്ന്, പെരുങ്കുളം വാർഡുകളിലെ 150 ഓളം പട്ടികജാതി കുടുംബങ്ങളുൾപ്പെടെയുള്ളവർക്ക് കുടിവെള്ളം എത്തിക്കുന്നതിനായി 9-ാം പഞ്ചവൽസര പദ്ധതിയിൽ രൂപം കൊടുത്ത പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 1998-99-ൽ 15,00,000 രൂപ എസ്റ്റിമേറ്റ് വരുന്ന പദ്ധതിക്ക് രൂപം കൊടുത്തു. 1999-2000-ൽ 4,63,669 രൂപയ്ക്ക് കിണർ നിർമ്മാണം പൂർത്തിയാക്കി. 2-ാം ഘട്ട പ്രവർത്തനമായ ടാങ്ക് നിർമ്മാണത്തിന് 50,000 രൂപ നൽകിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഈ പണി തുടർന്ന് നടത്തുന്നതിന് എസ്.സി.പി. ഫണ്ടിൽ 3,50,000 രൂപ വകയിരുത്തി 2007-08-ൽ എസ്.ഒ.076/08 പദ്ധതി രൂപീകരിച്ചു. 5 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതിക്ക് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഇതുകൊണ്ട് തദ്ദേശവാസികളായ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാകാത്തതിനാൽ 5 ലക്ഷത്തിലധികം രൂപയുടെ പദ്ധതിപ്പണം പാഴായതായി കാണുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : മുഹമ്മദ് ഇസ്മദ്,

നസീറ മൻസിൽ, മംഗലപുരം,

തോന്നയ്ക്കൽ പി.ഒ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.7, 3.7.1 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. നിലവിൽ കുടിവെള്ള വിതരണം നടന്നുവരുന്നതായി ബോധ്യപ്പെട്ടു എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**55. നിലവിൽ കുടിവെള്ള വിതരണം നടന്നുവരുന്നതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിതുര ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല**

**വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് 11,75,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ചു. പദ്ധതി നിർവ്വഹണം നടപ്പാക്കിയതിനു രേഖയില്ല.**

ഓഡിറ്റ് റിപ്പോർട്ട് : 2006-07, ഖണ്ഡിക നമ്പർ : 3.7

വനിതകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ച് വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി പഞ്ചായത്ത് പ്രദേശത്തുള്ളതും ഗ്രേഡിംഗ് നടത്തി തെരഞ്ഞെടുക്കപ്പെട്ടതുമായ 235 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ പ്ലാൻ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓരോ സംഘത്തിനും പദ്ധതി വിഹിതത്തിൽ നിന്നും 5,000 രൂപയും ബാങ്ക് വായ്പ 15,000 രൂപയും ചേർത്ത് ആകെ 20,000 രൂപയാണ് ചെറുകിട വ്യവസായം തുടങ്ങാനുള്ള ധനസഹായം.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ചെറുകിട വ്യവസായ സംരംഭം | പദ്ധതി വിഹിതം (രൂപ) | ബാങ്ക് വായ്പ (രൂപ) | ആകെ അടങ്കൽ (രൂപ) |
|---|---|---|---|---|---|
| 1 | 6/07 | പലഹാര നിർമ്മാണ യൂണിറ്റ് | 2,35,000 (47 യൂണിറ്റുകൾ ഓരോ യൂണിറ്റിനും 5,000 രൂപ വീതം) | 7,05,000 | 9,40,000 |
| 2 | 7/07 | അച്ചാർ നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |
| 3 | 8/07 | ചന്ദനത്തിരി നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |
| 4 | 9/07 | സോപ്പ് നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |
| 5 | 10/07 | പർപ്പടക നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |

പ്രോജക്ടും പ്ലാൻ ഫണ്ട് വിഹിതവും ബാങ്കിനെ ഏൽപ്പിക്കുകയും ബാങ്ക് വഴി വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ 235 സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും 24-3-2007-ൽ ബിൽ നമ്പർ 801/06-07 പ്രകാരം 11,75,000 രൂപ (235 X 5000) പിൻവലിച്ചു. ഈ തുക 24-3-2007-ൽ ഇന്ത്യൻ ബാങ്ക്, വിതുരയിൽ നിക്ഷേപിച്ചു. പ്രസ്തുത തുകയിൽ നിന്നും 2,90,000 രൂപ 58 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് 181415/30-3-2007 നമ്പർ ചെക്ക് മുഖേന ഇന്ത്യൻ ബാങ്കിനെ തന്നെ ഏൽപ്പിച്ചതായി കാണുന്നു. ബാക്കിയുള്ള തുകയിൽ നിന്നും 5,95,000 രൂപ പിൻവലിച്ച് എസ്.ബി.റ്റി., വിതുര ബ്രാഞ്ചിനെയും 2,90,000 രൂപ വിതുര സർവീസ് സഹകരണ ബാങ്കിനെയും വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് 24-4-2007-ൽ ഏൽപ്പിച്ചതായി കാണുന്നു.

2006-07 സാമ്പത്തിക വർഷം 58 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് പദ്ധതിവിഹിത തുകയായ 2,90,000 രൂപ ഇന്ത്യൻ ബാങ്ക്, വിതുരയെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും വായ്പകൾ നൽകിയതായുള്ള രേഖകൾ ഇല്ല. പ്രസ്തുത പ്രോജക്ടുകളുടെ മോണിറ്ററിംഗ് ചുമതലയുള്ള വനിതാക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയത് സംബന്ധിച്ച രേഖകളും ഇല്ല. ആയതിനാൽ പ്രസ്തുത പ്രോജക്ട് ലക്ഷ്യം നിറവേറിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കി ചെലവിന്റെ സാധുതയും കൃത്യതയും ബോദ്ധ്യപ്പെടുത്താത്തതിനാൽ ഇത്തരം ചെലവ് നടന്നിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.7.2 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2006-07 വർഷം പഞ്ചായത്തിലെ ഗ്രേഡിംഗ് നടത്തിയിട്ടുള്ള 235 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ചെറുകിട വ്യവസായം തുടങ്ങുന്നതിനായി ധനസഹായം നൽകിയ പദ്ധതിയാണിതെന്നും 11,75,000 രൂപയാണ് പ്രസ്തുത പദ്ധതിക്കായി അനുവദിച്ചതെന്നും പ്രസ്തുത തുകയിൽ 2,90,000 രൂപ എസ്.ബി.റ്റി.-യിലും 2,90,000 രൂപ ഇന്ത്യൻ ബാങ്കിലും 5,95,000 രൂപ വിതുര സർവീസ് സഹകരണ ബാങ്കിലുമായി നിക്ഷേപിച്ചുവെന്നും പദ്ധതി പ്രകാരം 5,75,000 രൂപ ചെലവഴിച്ചതിന് ശേഷം ശേഷിച്ച തുകയായ 6 ലക്ഷം രൂപ 2014-ൽ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെന്നും 15,000 രൂപ ലോൺ തുകയും 5,000 രൂപ സബ്സിഡിയും എന്ന രീതിയിലായിരുന്നു ധനസഹായം അനുവദിച്ചിരുന്നതെന്നും 5,000 രൂപ സബ്സിഡിയിനത്തിൽ നൽകിയതായി ബാങ്കുകൾ അറിയിച്ചെങ്കിലും നിരവധി തവണ ആവശ്യപ്പെട്ടിട്ടും ലോൺ നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നില്ലെന്നും വിതുര ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് മറുപടി നൽകി.

57. ലോൺ തുക 15,000 രൂപ അടച്ചുകഴിയുമ്പോൾ അവശേഷിക്കുന്ന 5,000 രൂപ സബ്സിഡിയായി നൽകണമെന്നതാണ് പദ്ധതി മാർഗരേഖയെന്നും ലോൺ അനുവദിച്ചതിന്റെ വിവരം ലഭിക്കുന്ന മുറയ്ക്കായിരുന്നു ബാങ്കിലേയ്ക്ക് തുക കൈമാറേണ്ടിയിരുന്നതെന്നും എന്നാൽ അഡ്വാൻസായി തുക ബാങ്കിന് കൈമാറുകയും പദ്ധതി പ്രവർത്തനം ബാങ്കിനെ ഏൽപ്പിക്കുകയുമാണുണ്ടായതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പദ്ധതിയുടെ ഗുണഭോക്താക്കളെ ആരാണ് തെരഞ്ഞെടുത്തതെന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് കമ്മിറ്റി ചേർന്നാണ് ഗുണഭോക്താക്കളെ കണ്ടെത്തിയതെന്ന് വിതുര ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് മറുപടി നൽകി.

58. ബാങ്കിൽ നിന്ന് ലോൺ ലഭിച്ചതായി ഗുണഭോക്താക്കളിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന്, പ്രസ്തുത സംരംഭങ്ങൾ നിലവിലില്ലാത്തതിനാൽ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് വിതുര ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് ബോധിപ്പിച്ചു.

59. മൂന്നു ബാങ്കുകളിലായി നിക്ഷേപിച്ച തുകയിൽ നിന്ന് 5,75,000 രൂപ ചെലവഴിച്ചതിന് ശേഷം ശേഷിച്ച തുകയായ 6 ലക്ഷം രൂപ തിരിച്ചടയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ലോൺ അനുവദിച്ചതിനുശേഷം സബ്സിഡി തുക ബാങ്കിനെ ഏൽപ്പിക്കുന്നതിനു പകരം മൊത്തം ഗുണഭോക്താക്കളുടെയും സബ്സിഡി തുക ആദ്യമേ ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളതെന്നും ഇതിന് ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി മരണപ്പെട്ടുപോയെന്നും തിരുവനന്തപുരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ് അറിയിച്ചു.

60. 5,000 രൂപ സബ്സിഡി ലഭിക്കാൻ വേണ്ടി ചെയ്ത പ്രവർത്തനമായിട്ടുമാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂവെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് സർക്കാർ ഫണ്ട് അത്രയും നാൾ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തതിന് പലിശ ലഭിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തി. ഭാവിയിൽ ഇത്തരം നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന കർശന നിർദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

**61. പ്രസ്തുത പദ്ധതി നിർവഹണത്തിൽ ലോൺ അനുവദിച്ചതിന് ശേഷം സബ്സിഡി തുക ബാങ്കിനെ ഏൽപ്പിക്കുന്നതിന് പകരം മൊത്തം ഗുണഭോക്താക്കളുടെയുടെയും സബ്സിഡി തുക ആദ്യമേ ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇപ്രകാരമുള്ള നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന കർശന നിർദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് - എറണാകുളം ജില്ല**

**ഇരുമ്പനം കുടിവെള്ള പദ്ധതി - 3 വർഷമായിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-10

2005-06 വർഷത്തിൽ ഉൾപ്പെടുത്തിയിരുന്ന 5,27,000 രൂപ അടങ്കൽ കണക്കാക്കിയിരുന്ന പദ്ധതി 2006-07 വർഷം സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി 12/06-ൽ ടെൻഡർ ചെയ്യുകയും, ശ്രീ. രാഘവമേനോൻ എന്ന കരാറുകാരന്റെ പേരിൽ

0.01% കുറവിന് കരാർ ഉറപ്പിക്കുകയും ചെയ്തു. 2006-07 വർഷം പദ്ധതി ആരംഭിച്ചില്ല. പിന്നീട് മെറ്റീരിയൽസിന്റെ വിലവർദ്ധനവും മറ്റും കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കിത്തന്നാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുകയുള്ളൂവെന്ന് കരാറുകാരൻ അറിയിച്ചതനുസരിച്ച് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ എസ്റ്റിമേറ്റ് പുതുക്കി റീ-ടെൻഡർ ചെയ്ത് പ്രവൃത്തി നിർവഹണം നടത്തുവാൻ 11/07-ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പുതുക്കിയ എസ്റ്റിമേറ്റിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങുകയും ചെയ്തു. തുടർന്ന്, ആദ്യകരാറുകാരനായ ശ്രീ. രാഘവമേനോൻ തന്നെ പ്രവൃത്തി ഏറ്റെടുക്കുകയും, എസ്റ്റിമേറ്റിലെ ഏതാനും ഇനങ്ങൾ മാത്രം ചെയ്ത് 3/08-ന് 60,718 രൂപ ടിയാൻ കൈപ്പറ്റുകയുണ്ടായി.

പദ്ധതി ആസൂത്രണം ചെയ്ത് 3 വർഷം കഴിഞ്ഞിട്ടും 8/08 വരെ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. കൂടാതെ, ആദ്യ കരാറുകാരൻ കരാർ പ്രകാരം പണി പൂർത്തിയാക്കാതിരുന്നിട്ടും, പുതുക്കിയ എസ്റ്റിമേറ്റിൽ ടിയാളെത്തന്നെ പണി ഏൽപ്പിക്കുകയും നാളിതുവരെ പദ്ധതി പൂർത്തീകരിക്കാതിരിക്കുകയും ചെയ്തത് പഞ്ചായത്ത് ഭരണസമിതിയുടേയും സെക്രട്ടറിയുടേയും അനാസ്ഥ മൂലമാണ് എന്നതിനാൽ ആയതിന് വിശദീകരണം നൽകുകയും പണി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്ന് നിയമാനുസൃതമായ പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. തോമസ് രാജൻ, കുഴിനാട്ടുകുഴിയിൽ,

എഴക്കരനാട് സൗത്ത്.പി.ഒ., എറണാകുളം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.7.3 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

62. നിലവിൽ കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**63. ഇരുമ്പനം കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വടകരപ്പതി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല**

**റഗുലേറ്റഡ് മാർക്കറ്റ് - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-2

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ഉത്പന്നങ്ങൾ നേരിട്ട് വിപണനം നടത്തി മെച്ചപ്പെട്ട വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 11,68,634 രൂപ ചെലവഴിച്ച് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഉദ്ഘാടനം 29-6-2006-ന് നടത്തിയെങ്കിലും വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ 11.68 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും മാർക്കറ്റിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക, 3.7.4 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. കൃഷിക്കാരുടെ ആവശ്യത്തിനായി റഗുലേറ്റഡ് മാർക്കറ്റ് നിർമ്മിച്ചെങ്കിലും സ്വകാര്യ വ്യക്തികൾ വിത്തും വളവുമടക്കം സൗജന്യമായി നൽകി ബൈ ബാക്ക് സ്കീം ഏർപ്പെടുത്തിയതുകാരണം കൃഷിക്കാർ അങ്ങോട്ട് പോകാതെയായെന്നും പിന്നീട് പ്രസ്തുത സ്ഥലത്ത് ഗ്രാമീണ ഐ.ടി. പാർക്ക് ആരംഭിക്കാനുള്ള ശ്രമം നടത്തിയെങ്കിലും 50 സെന്റിൽ കുറഞ്ഞ സ്ഥലമായതിനാൽ അതിന് കഴിഞ്ഞില്ലെന്നും തുടർന്ന് വി.എഫ്.പി.സി.കെ.-യുടെ രണ്ട് കളക്ഷൻ സെന്ററുകൾ തുടങ്ങിയപ്പോൾ സാധനങ്ങൾ മാർക്കറ്റിലേക്ക് വരാതെയായെന്നും തുടർന്ന് അവിടെ എം.സി.എഫ്. ആരംഭിക്കുകയും നല്ല രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ടെന്നും എം.സി.എഫ്.-ന്റെ വിപുലീകരണത്തിന് പ്രസ്തുത കെട്ടിടവും അനുബന്ധ വസ്തുക്കളും ആവശ്യമായി വരുന്നുണ്ടെന്നും കൂടാതെ പ്രസ്തുത സ്ഥലത്ത് ഒരു ബയോ കംപോസ്റ്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭരണ സമിതി താൽപര്യപ്പെടുന്നുണ്ടെന്നും അതുകൂടി വരുന്നതോടെ ഈ കെട്ടിടം നിഷ്ക്രിയമാകാതെ ഉപയോഗിക്കാൻ കഴിയുമെന്നുള്ളതാണ് ഭരണ സമിതിയുടെ കണ്ടെത്തലെന്നും വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയെ ബോധിപ്പിച്ചു.

65. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ വൻ തുക ചെലവഴിച്ച് ഇത്തരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുമ്പായി ആവശ്യമായ പഠനം നടത്തി വിജയസാധ്യത വിലയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന നിർദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**66. കർഷകർക്ക് ഉത്പന്നങ്ങൾ നേരിട്ട് വിപണനം നടത്തി മെച്ചപ്പെട്ട വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ച കെട്ടിടം എം.സി.എഫ്. ആയി പ്രവർത്തിച്ചുവരുന്നുണ്ടെന്നും പ്രസ്തുത കെട്ടിടം നിഷ്ക്രിയമാകാതെ ഉപയോഗിക്കാൻ കഴിയുമെന്നുമുള്ള വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജിന്റെ മറുപടി സമിതി അംഗീകരിക്കുന്നു. വൻ തുക ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുമ്പായി ആവശ്യമായ പഠനം നടത്തി വിജയസാധ്യത വിലയിരുത്താൻ ശ്രദ്ധിക്കേണ്ടതാണെന്ന നിർദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല**

**പിട്ടുക്കാരികുളമ്പ് ജലസംഭരണി ജലവിതരണത്തിന് ഉപയോഗപ്പെടുത്തുന്നില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 3-5

1999-ൽ 5 ലക്ഷം രൂപ ചെലവ് ചെയ്ത് നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിച്ച പിട്ടുക്കാരികുളമ്പ് ജലസംഭരണിയുടെ തുടർപ്രവർത്തനത്തിനായി പ്രോജക്ട് നമ്പർ 57/06 പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 1,41,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, നാളിതുവരെ ജലവിതരണം ആരംഭിച്ചിട്ടില്ല. ജലസംഭരണിക്കായി 6.41 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും നാളിതുവരെ പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.7.5 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

67. പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**68. നിലവിൽ പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാണെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റാന്നി ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല**

**പുതുശ്ശേരിമല കുടിവെള്ള പദ്ധതി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 2-2

2006-07-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ ആകെ 2,10,000 രൂപ അടങ്കലുള്ള പുതുശ്ശേരിമല കുടിവെള്ള പദ്ധതിയിലൂടെ 1,85,690 രൂപ ചെലവഴിച്ച് കുളം നിർമ്മാണം മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. ടാങ്ക്, മോട്ടോർ സ്ഥാപിക്കുക, ജലവിതരണത്തിനുള്ള സംവിധാനം ഒരുക്കുക എന്നിങ്ങനെ യാതൊരു തുടർപ്രവർത്തനങ്ങളും നടത്തിയിട്ടില്ല. ശ്രീ.പി.എൻ. ഗോപിനാഥൻ നായർ, ചക്കാലയിൽ ഹൗസ്, പുതുശ്ശേരിമല കൺവീനറായി ഗുണഭോക്തൃ സമിതി മുഖേന ചെയ്ത ടി പ്രവൃത്തി സംബന്ധിച്ച് ഗുണഭോക്തൃ സമിതിയുടെ ചെലവുകണക്കുകൾ, പാസ്ബുക്ക് ഇവയൊന്നും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കുളം നിർമ്മിക്കുന്നതിന് കുഴിച്ചെടുത്ത മണ്ണ് അതേസ്ഥാനത്ത് നിക്ഷേപിക്കുന്നതിന് സ്ഥല സൗകര്യം ഉണ്ടായിരുന്നിട്ടും 5 കി.മീ. പരിധിയിൽ $497.36m^3$ മണ്ണ് നീക്കം ചെയ്തതിന് നൽകിയ 24,360 രൂപ അംഗീകരിക്കുന്നില്ല. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ പാതിവഴിയിൽ പ്രവൃത്തി നിർത്തിവച്ചതിന്റെ കാരണം അന്വേഷണ വിധേയമാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ബി. റിയാദ്, അസിസ്റ്റന്റ് എഞ്ചിനീയർ,
ബ്ലോക്ക് പഞ്ചായത്ത്, റാന്നി,
പടിഞ്ഞാറെ പനച്ചിവിള,
എം.എം. ജംഗ്ഷൻ സമീപം,
പത്തനംതിട്ട.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.7.7 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് സമിതി ആരാഞ്ഞതിന്, റാന്നി ബ്ലോക്ക് പഞ്ചായത്തിൽ 2006-07-ൽ നടപ്പാക്കിയ പുതുശ്ശേരിമല കുടിവെള്ള പദ്ധതിയിൽ സ്ഥാപിച്ചിരുന്ന ടാങ്ക്, മോട്ടോർ എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെന്നും ഒരു ഗുണഭോക്തൃ സമിതിയെയാണ് ഇതിന്റെ മേൽനോട്ടം

ഏൽപ്പിച്ചിരുന്നതെന്നും 2016-നുശേഷം മോട്ടോർ പ്രവർത്തിക്കാത്തതും റോഡ് പണിയുമായി ബന്ധപ്പെട്ട് പൈപ്പുകൾക്ക് നാശം സംഭവിച്ചതും കാരണം നിലവിൽ പദ്ധതി പ്രവർത്തനരഹിതമാണെന്നും ഇറിഗേഷൻ പദ്ധതിയുടെ സ്ഥലത്ത് കുഴിച്ചിരുന്ന കുളം കാട് മൂടിക്കിടക്കുകയാണെന്നും മോട്ടോർ സ്ഥാപിച്ചിരുന്ന ഷെഡ്ഡും മറ്റും നശിച്ചുപോയെന്നും റാന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ മറുപടി നൽകി.

70. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഹാജരായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ ടി ഉദ്യോഗസ്ഥൻ മലപ്പുറത്ത് പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറായി ജോലി ചെയ്തുവരികയാണെന്നും യോഗത്തിൽ പങ്കെടുത്ത് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം യോഗത്തിൽ പങ്കെടുത്തതായി കാണുന്നില്ലെന്നും റാന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചു. നിലവിൽ പ്രസ്തുത ഉദ്യോഗസ്ഥൻ വകുപ്പ് മാറിയിട്ടുള്ളതിനാൽ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ വഴി വിശദീകരണം ആവശ്യപ്പെടാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

71. പ്രസ്തുത പ്രദേശത്ത് കുടിവെള്ളം ലഭ്യമാകുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയിലൂടെയും ജലനിധി പദ്ധതി പ്രകാരവും പ്രസ്തുത പ്രദേശത്ത് കുടിവെള്ളം ലഭ്യമാകുന്നുണ്ടെന്ന് റാന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ മറുപടി നൽകി.

72. പ്രസ്തുത പ്രദേശത്ത് മറ്റ് കുടിവെള്ള പദ്ധതി നിലവിലുള്ള സാഹചര്യത്തിൽ നിഷ്ക്രിയമായ പുതുശ്ശേരിമല കുടിവെള്ള പദ്ധതിയുടെ ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുവാൻ സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**73. പ്രസ്തുത പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെയും ജലനിധി പദ്ധതി പ്രകാരവുമുള്ള കുടിവെള്ള പദ്ധതി നിലവിലുള്ള സാഹചര്യത്തിൽ നിഷ്ക്രിയമായ പുതുശ്ശേരിമല കുടിവെള്ള പദ്ധതിയുടെ ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല**

**പയറ്റുകാലാ കുടിവെള്ള പദ്ധതി - വൻതുക ചെലവഴിച്ചിട്ടും പണി പൂർത്തീകരിക്കാത്തത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 3-14

2005-06-ൽ പ്രോജക്ട് നമ്പർ എസ്.ഒ.44/06 പ്രകാരം 1,54,000 രൂപ അടങ്കൽ നിശ്ചയിച്ച് മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച പയറ്റുകാലാ കുടിവെള്ള പദ്ധതി, ശ്രീ. സി. വിജയൻ, പയറ്റുകാല എന്നയാൾ കൺവീനറായുള്ള ഗുണഭോക്തൃ സമിതിയാണ് നടപ്പിലാക്കിയത്. കാട് വെട്ടിത്തെളിച്ച് 5 മീറ്റർ ആഴത്തിൽ മണ്ണ് എടുത്ത് കുളം കുഴിച്ച് സംരക്ഷണഭിത്തിക്ക് ഫൗണ്ടേഷൻ നിർമ്മിക്കുകയും ചെയ്തതിന് 1,40,000 രൂപ ചെലവഴിച്ചു. 2006-07-ൽ ഇതേ പദ്ധതി പ്രോജക്ട് നമ്പർ 77/07 പ്രകാരം 1,61,000 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പേരിൽ അംഗീകാരം വാങ്ങി. ടി പ്രോജക്ട് പ്രകാരം സംരക്ഷണഭിത്തി നിർമ്മിച്ചതിന് 69,793 രൂപയും 2007-08-ലെ ഫൈനൽ ബില്ല് പ്രകാരം ഭിത്തിയുടെ ഇടഭാഗം കോൺക്രീറ്റ് ചെയ്തതിന് 49,224 രൂപയും ചെലവഴിച്ചു. പമ്പ് ഹൗസ് നിർമ്മാണം നടത്തിയുമില്ല. 2007-08-ൽ പ്രോജക്ട് നമ്പർ എസ്.ഒ.27/08 പ്രകാരം ഇതേ പദ്ധതിക്കായി 1,76,923 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി. സംരക്ഷണഭിത്തി കെട്ടൽ, കോൺക്രീറ്റിംഗ് എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിക്കും 32 ദിവസം വെള്ളം കുളത്തിൽ നിന്ന് പമ്പ് ചെയ്ത് കളഞ്ഞതിനും തൻവർഷം 1,99,532 (1,76,492+23,040) രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-09-ലും ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. പമ്പ് ഹൗസ് നിർമ്മാണം നടന്നിട്ടുമില്ല. 31-3-2008 വരെ 4,35,509 രൂപ ചെലവഴിച്ചിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നതിൽ നിന്നും പഞ്ചായത്ത് അധികാരികളുടെ അലംഭാവം വ്യക്തമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് സമഗ്ര അന്വേഷണം ആവശ്യമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: 2005-06 മുതൽ 2007-08 വരെയുള്ള സെക്രട്ടറിമാർ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.7.8 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**75. പയറ്റുകാല കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതും 65 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതുമാണെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആറ്റിങ്ങൽ നഗരസഭ – തിരുവനന്തപുരം ജില്ല**

**ആറ്റിങ്ങൽ ഠൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-9

ഈ പ്രോജക്ടിനായി ഐ.എസ്.യു.ഐ.(ഇന്റഗ്രേറ്റഡ് സ്കീം ഫോർ അർബൻ ഇൻഫ്രാസ്ട്രക്ചർ) എന്ന സ്കീമിൽപ്പെടുത്തി 25 ലക്ഷം രൂപ സർക്കാരിൽ നിന്നും ലഭിക്കുകയും 18-4-2005-ൽ മുനിസിപ്പൽ അക്കൗണ്ടിൽ തുക വരികയും ചെയ്തു. ഇതിൽ നിന്നും 1,93,916 രൂപ ഇതിന്റെ വിവിധ ആവശ്യങ്ങൾക്കായി നേരിട്ട് ചെലവഴിച്ചതിന് ശേഷം 23,06,086 രൂപ ഇതിനായുള്ള പ്രത്യേക അക്കൗണ്ടിൽ 28-11-2006-ൽ നിക്ഷേപിക്കുകയും അതിൽ നിന്നും ചെലവഴിക്കുകയും ചെയ്തുവരുന്നു (അക്കൗണ്ട് നമ്പർ 67024304517).

ഠൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ആസണമായി 15-12-1992-ൽ കരാറിൽ ഏർപ്പെടുകയും ആയതനുസരിച്ച് പ്ലാൻ, എസ്റ്റിമേറ്റ്, ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കുന്നതിന് താഴെപ്പറയും പ്രകാരം തുകകൾ ടി ഏജൻസിക്ക് നൽകുകയും ചെയ്തു.

| തുക നൽകിയ വിവരം | തുക (രൂപ) |
|---|---|
| ചെക്ക് നമ്പർ - 103188/14.09.1993 | 17,500 |
| 12/2000-ലെ വൗച്ചർ നമ്പർ 47 | 60,000 |
| ചെക്ക് നമ്പർ - 163759/11.08.2004 | 1,00,000 |
| 11/2004-ലെ 75-ാം നമ്പർ വൗച്ചർ | 1,00,000 |
| ചെക്കു നമ്പർ 255469 | 85,858 |
| ആകെ | 3,63,358 |

ഇതിനെ തുടർന്ന് ആദ്യം 20.62 ലക്ഷം രൂപയുടെയും പിന്നീട് 1.37 കോടി രൂപയുടെയും എസ്റ്റിമേറ്റ് 2004 പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കുകയുണ്ടായി.

ഈ വർക്കിന്റെ മണ്ണ് പരിശോധനയ്ക്കായി താഴെപ്പറയുന്ന തുകകൾ കൂടി നൽകിയിട്ടുണ്ട്.

| തുക നൽകിയ വിവരം | തുക (രൂപ) | ആർക്ക് നൽകി എന്നത് |
|---|---|---|
| ഡി.ഡി.നം.250573/18.01.2000 | 25,000 | പ്രൊഫ. കെ. ബാലൻ |
| 2/01-ലെ 59-ാം നമ്പർ വൗച്ചർ | 11,800 | പ്രൊഫ. കെ. ബാലൻ |
| ആകെ | 36,800 | |

മേൽ വർക്കിന്റെ സാങ്കേതികാനുമതി ലഭിക്കുന്നതിന് 1,08,056 രൂപ 255467/04.01.2006 ചെക്ക് നമ്പർ പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ ഒടുക്കുകയും കോർപ്പറേഷൻ 1,44,07,413 രൂപയുടെ സാങ്കേതികാനുമതി 2/06-ൽ നൽകുകയും ചെയ്തു.

മേൽ വർക്കിന്റെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ വിളിച്ചതിനെ തുടർന്ന് 2 ടെണ്ടറുകൾ ലഭിക്കുകയും അതിൽ ഒരാളെ 1 കോടിയിലധികരിച്ച ചെലവുള്ള വർക്കുകൾ ചെയ്ത് പരിചയമില്ലാത്തതിനാൽ ഒഴിവാക്കുകയും (എം. നസീർ - 29.99% അധിക നിരക്ക്) 29.39% മുകളിൽ ടെണ്ടർ സമർപ്പിച്ച ആൻസൻ ബേബിക്ക് നെഗോഷിയേറ്റ് ചെയ്ത് 28.89% -ന് കരാർ നൽകുകയും ചെയ്തു.

13-2-2007-ലെ 5259/ബി3/07/ത.സ്വ.ഭ.വ. എന്ന സർക്കാർ കത്ത് പ്രകാരം കെട്ടിട നിർമ്മാണം എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 15% ഉയർന്ന നിരക്കിൽ നെഗോഷിയേറ്റ് ചെയ്യുവാനും അല്ലെങ്കിൽ റീ ടെണ്ടർ ചെയ്യുവാനും സർക്കാർ നിർദേശം നൽകിയതിനെ തുടർന്ന് കരാറുകാരൻ 25% അധിക നിരക്കിൽ പണി നടത്താൻ സമ്മതിച്ചു. വീണ്ടും 1-10-2007-ലെ 27467/സി.സി3/07/ത.സ്വ.ഭ.വ. കത്ത് പ്രകാരം 2007-ലെ പി.ഡബ്ല്യൂ.ഡി. നിരക്കിൽ വർക്ക് റീ ടെണ്ടർ ചെയ്യാൻ സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽ നടപടിക്രമങ്ങൾ നിർത്തിവെയ്ക്കുകയും പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പിനാക്കി എഞ്ചിനീയറിംഗ് കൺസൾട്ടൻസിയെ 15-3-2008-ൽ നിയമിക്കുകയും തുടർന്ന് 2008-ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി. നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടിക്രമങ്ങൾ നടത്തിയതല്ലാതെ പദ്ധതി ആരംഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ പദ്ധതിക്കായി 5,08,214 രൂപ നഗരസഭ ചെലവഴിച്ച് കാണുന്നു. സമയബന്ധിതമായി ഭരണതലത്തിൽ കൈക്കൊള്ളേണ്ട നടപടികളുടെ അഭാവംകൊണ്ട് നഗരസഭയ്ക്ക് 5 ലക്ഷത്തിലധികം രൂപ നഷ്ടപ്പെട്ടതുകൂടാതെ പ്രയോജനപ്രദമാക്കേണ്ടിയിരുന്ന ഒരു പദ്ധതി ഒന്നര വ്യാഴവട്ടം കഴിഞ്ഞിട്ടും ആരംഭിക്കാൻ പോലും കഴിഞ്ഞില്ലെന്നത് ജനങ്ങളുടെ കൂടി നഷ്ടമായി കലാശിച്ചു.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

12/2000 - 2/2001 - കെ. വിജയകുമാരൻ പിള്ള, സെക്രട്ടറി

8/2004 - ജി. പത്മകുമാർ, സെക്രട്ടറി

1/2006 & 2/2006 - എം. നിസാറുദ്ദീൻ, സെക്രട്ടറി

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.7.9 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

76. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് ലേലത്തിൽ നൽകിയെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**77. ആറ്റിങ്ങൽ ടൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് ലേലത്തിൽ നൽകിയെന്ന് ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി നടത്തിപ്പിലെ അപാകത**

വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന പദ്ധതിവിഹിതം ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കാതെ തുക നൽകുക, ഡി.പി.സി. അംഗീകാരം ലഭിക്കാതെ പദ്ധതി നടപ്പിലാക്കുക, സ്റ്റോർ പർച്ചേസ് നിയമം ലംഘിച്ചുള്ള വാങ്ങലുകൾ എന്നിങ്ങനെ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ വിവിധ

ക്ഷേമപദ്ധതികളും ശരിയായ രീതിയിൽ നടപ്പിലാക്കുന്നില്ല. കൃഷി അനുബന്ധ മേഖല, വനിതാക്ഷേമം, കുടിവെള്ള പദ്ധതികൾ, പട്ടികജാതി വികസനം, പശ്ചാത്തല വികസനം തുടങ്ങിയ മേഖലകളിലും ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

**തൊളിക്കോട് ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല**

**വനിതാ വ്യാവസായിക പരിശീലനത്തിന്റെ പേരിൽ ദുർവിനിയോഗം - ഒരു ലക്ഷം രൂപ വിനോദത്തിനും മറ്റുമായി ചെലവഴിച്ചു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 3-5

പഞ്ചായത്ത് പ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 30 വനിതകൾക്ക് ഭക്ഷ്യ സംസ്കരണത്തെക്കുറിച്ച് പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടിനായി 1,00,000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും സാക്ഷരതാ വിദ്യാഭ്യാസം നടത്തുന്ന അക്ഷരജന വിദ്യാകേന്ദ്രം, പടിപ്പോട്ടുപാറ, തോട്ടുമുക്ക്, മേമല പി.ഒ. എന്ന സ്ഥാപനത്തിന് നൽകുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു:

1. അക്ഷരജന വിദ്യാകേന്ദ്രം എന്ന സ്ഥാപനം ഭക്ഷ്യസംസ്കരണ മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥാപനമാണ്.

2. ഭക്ഷ്യസംസ്കരണത്തെക്കുറിച്ചുള്ള ക്ലാസ്സുകൾക്കൊപ്പം എന്റെ ഗ്രാമം ഒരു സ്വപ്നം, വനിതകളും സമൂഹവും തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും സംഘടിപ്പിച്ചു. എന്നാൽ പദ്ധതി വിഭാവനം ചെയ്യുന്ന മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനമല്ലാതെ മറ്റ് സെമിനാറുകളോ ക്ലാസ്സുകളോ പദ്ധതി വിഹിതം ഉപയോഗിച്ച് സംഘടിപ്പിക്കുവാൻ നിയമമില്ല. ഇതിനോടൊപ്പം പരിശീലനാർത്ഥികളുടെ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിനോദയാത്ര നടത്തുകയും ചെയ്തു.

3. ഈ പരിശീലനത്തിൽ പങ്കെടുത്ത 30 ഗുണഭോക്താക്കളിൽ ആരും തന്നെ ഭക്ഷ്യ സംസ്കരണ യൂണിറ്റ് നാളിതുവരെ തുടങ്ങിയിട്ടില്ല.

4. ഈ വസ്തുതകളുടെ വെളിച്ചത്തിൽ, ഉത്പാദന മേഖലയിൽ പ്രയോജന പ്പെടുത്തേണ്ടിയിരുന്ന ഒരു ലക്ഷം രൂപ ദുർവിനിയോഗം ചെയ്യാൻ കൂട്ടുനിന്ന പഞ്ചായത്ത് ഭരണസമിതിയുടെയും നിർവഹണോദ്യോഗസ്ഥരുടെയും പ്രവൃത്തി അപലപനീയമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ : ശ്രീമതി പ്രേമലത,

ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ചൈൽഡ് പ്രോജക്ട് ഓഫീസ്,പാമ്പാടി, കോട്ടയം

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.1 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. ഉല്പാദന മേഖലയിൽ പ്രയോജനപ്പെടുത്തേണ്ടിയിരുന്ന പദ്ധതികളിൽ മനഃപൂർവ്വമല്ലാത്ത ചില വീഴ്ചകളുണ്ടായതായി കണ്ടെത്തിയിട്ടുണ്ടെന്നും നിലവിൽ ധാന്യപ്പൊടി നിർമ്മാണമുൾപ്പെടെയുള്ള പത്തോളം സംസ്കരണ യൂണിറ്റുകൾ തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും പദ്ധതിയുടെ നിർവഹണം ഐ.സി.ഡി.എസ്. സൂപ്പർവൈസർ ആണ് നടത്തിവരുന്നതെന്നും 18 വയസ്സിന് മുകളിൽ പ്രായവും 8-ാം ക്ലാസ് വരെ വിദ്യാഭ്യാസവും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തെരഞ്ഞെടുത്ത 30 വനിതകൾക്ക് എസ്.ജി.എസ്.വൈ. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഏജൻസികളുടെ കീഴിൽ തൊഴിൽ പരിശീലനം നൽകുകയെന്നതായിരുന്നു ടി പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്നും കൃഷി വിജ്ഞാനകേന്ദ്രം, വെള്ളായണി കാർഷിക കോളേജ് എന്നിവയുടെ സഹായത്തോടെയാണ് പരിശീലന പരിപാടി നടത്തിയിട്ടുള്ളതെന്നും 26-10-2013-ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നഭ്യർഥിച്ചുകൊണ്ട് സർക്കാരിലേയ്ക്ക് കത്തയച്ചിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഈ വിഷയം സ്ക്രീനിംഗ് കമ്മിറ്റിയും പരിഗണിച്ചിട്ടുണ്ടെന്നും തൊളിക്കോട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

79. സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കുവന്ന എല്ലാ വിഷയങ്ങളിലും തീരുമാനമെടുത്ത് സമിതിക്ക് സമർപ്പിച്ചിട്ടുള്ളതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കിയതിന് പ്രസ്തുത വിഷയം സ്ക്രീനിംഗ് കമ്മിറ്റിയിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാനും അതിനുശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാമെന്നും സമിതി അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**80. പ്രസ്തുത പരാമർശം സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല**

**ഡി.പി.സി. അംഗീകാരം ലഭിക്കാതെ പദ്ധതികൾ നടപ്പാക്കി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-5

2006-07 സാമ്പത്തിക വർഷം എസ്.ജി.ആർ.വൈ. ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച് 2007-08 സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുള്ള പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിക്കാതെ പദ്ധതി നടപ്പിലാക്കിയ കൺവീനർമാർക്ക് തുക നൽകിയ നടപടി ചട്ടലംഘനമാണ്. 2006-07 വർഷം ഡി.പി.സി. അംഗീകാരം നേടാതെ 2007-08 വർഷം സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും ആക്ഷൻ പ്ലാൻ സമർപ്പിക്കാത്തത് കാരണം പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നം. | പദ്ധതിയുടെ പേര് | പണിയുടെ മൂല്യം |
|---|---|---|
| 1 | വഴിവിട്ടുനട - പൊറ്റയിൽ റോഡ് പുനരുദ്ധാരണം | 2,79,411 |
| 2 | പൊറ്റയിൽ - വയലിക്കട നാരങ്ങാത്തലക്കൽ അയണിമൂട് റോഡ് | 3,22,771 |
| 3 | ചിറ്റാരിക്കൽ മുറിവിള പറമ്പിൽത്തല റോഡ് | 2,29,274 |
| 4 | പെരുങ്കാവ് - കല്ലറത്തല കോണാക്കോട് റോഡ് | 2,79,288 |
| 5 | ചിറക്കോണം - പുല്ലുവിള റോഡ് | 2,76,341 |
| | ആകെ | 13,87,085 |

ഡി.പി.സി. അഗീകരിക്കാതെ പദ്ധതികൾ നടപ്പിലാക്കി ക്രമവിരുദ്ധമായി കൺവീനർക്ക് 13,87,085 രൂപ അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.2 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

81. സർക്കാർ ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**82. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല**

**വനിതകൾക്ക് തൊഴിൽ പരിശീലനം - പദ്ധതി**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07 , ഖണ്ഡിക നമ്പർ : 3 (11)

പട്ടികജാതി വിഭാഗത്തിലെ എസ്.എസ്.എൽ.സി. പാസായ 100 വനിതകൾക്ക് 10 വിവിധ ഇനങ്ങളിലായി തൊഴിൽ പരിശീലനം നൽകുന്നതിന് (പ്രോ.എസ്.ഒ. 74/07) 2,00,000 രൂപയും, ജനറൽ വിഭാഗത്തിലെ 15 പേർക്ക് കമ്പ്യൂട്ടർ പരിശീലനം, 17 പേർക്ക് ഫയർ എഞ്ചിനീയറിംഗ് കോഴ്സ് എന്നിവ നടത്തുന്നതിന് (പ്രോ.നം.16/07) 3,00,000 രൂപയും പ്രോജക്ടിൽ വകയിരുത്തിയിരുന്നു. എസ്.സി.പി. പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 2,000 രൂപയും (2,000 x 100 =2,00,000) ജനറൽ വിഭാഗത്തിൽ കമ്പ്യൂട്ടർ കോഴ്സിന് 3,000 രൂപയും (3,000 x 15 =45,000) ഫയർ എഞ്ചിനീയറിംഗ് കോഴ്സിന് 15,000 രൂപയും (17 x 15,000 =2,55,000) ചെലവ് പ്രതീക്ഷിച്ചുകൊണ്ടാണ് പ്രോജക്ട് അംഗീകരിച്ചത്. അംഗീകാരം ലഭിച്ച പ്രോജക്ടിലെ ആകെ ഗുണഭോക്താക്കളുടെ എണ്ണം എഴുതിയതിൽ വെട്ടിത്തിരുത്തൽ കാണുന്നു.

രണ്ട് പ്രോജക്ടുകളുടെയും നടത്തിപ്പിന് തൊഴിൽ പരിശീലനം നടത്തുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി 14-11-2006-ൽ ടെണ്ടർ ക്ഷണിച്ചു. അതുപ്രകാരം പെന്റഗൺ കമ്പ്യൂട്ടേഴ്സ്, ആറ്റിങ്ങൽ എന്ന സ്ഥാപനവുമായി 22-12-2006-ൽ കരാറിൽ ഏർപ്പെട്ടു. തുടർന്ന് തൊഴിൽ പരിശീലനം പഞ്ചായത്ത് ഹാളിൽ വച്ച് തുടങ്ങിയെങ്കിലും

പരിശീലന പരിപാടികളൊന്നും പൂർത്തിയാക്കിയില്ല. പരിശീലനം പൂർത്തിയാകും മുമ്പ് തന്നെ 2008 മാർച്ചിൽ 5,00,000 രൂപ പെന്റഗൺ കമ്പ്യൂട്ടേഴ്സിന്റെ മേധാവിക്ക് കൈമാറി. പരിശീലനം പൂർത്തിയാകും മുമ്പ് മൊത്തം തുകയും നൽകിയ നടപടി ക്രമവിരുദ്ധമാണ്. കൂടാതെ അംഗീകരിച്ച പ്രോജക്ടുകളിൽ ഇല്ലാത്ത കോഴ്സുകൾക്ക് ടെണ്ടർ ക്ഷണിക്കുകയും, പ്രോജക്ടിൽ അംഗീകരിച്ച ചില കോഴ്സുകൾക്ക് ടെണ്ടർ ക്ഷണിക്കാതെയും ഭരണ സമിതിയും സെക്രട്ടറിയും തന്നിഷ്ട പ്രകാരം മറ്റു ചില കോഴ്സുകൾ തെരഞ്ഞെടുത്തു. അംഗീകരിച്ച പ്രോജക്ട് മാറ്റം വരുത്തുവാൻ പഞ്ചായത്ത് കമ്മിറ്റിക്കോ സെക്രട്ടറിക്കോ അധികാരമില്ലാത്തതിനാൽ ഈ നടപടി അധികൃതരുടെ ഭാഗത്തു നിന്നുള്ള നിയമലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു.

തൊഴിൽ പരിശീലനത്തിന് സർക്കാരിന്റെ അംഗീകാരമുള്ള സ്റ്റെഡിന്റെ ക്വട്ടേഷൻ നിരസിച്ചുകൊണ്ടാണ് പെന്റഗൺ കമ്പ്യൂട്ടേഴ്സിന് കരാർ നൽകിയത്. സ്റ്റെഡ് നൽകിയ ക്വട്ടേഷനിൽ 1,300 രൂപയ്ക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാമെന്ന് വ്യക്തമാകുന്നു. എന്നാൽ 3,000 രൂപയ്ക്കാണ് പെന്റഗണിന്റെ ക്വട്ടേഷൻ നിരക്ക്. അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യത്യസ്തമായി ഉയർന്ന നിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ചത് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ട് പ്രകാരം (S.O.74/07) 100 പേർക്ക് പരിശീലനം നൽകുമെന്നതിനു വിരുദ്ധമായി 68 പേർക്ക് തൊഴിൽ പരിശീലനം നൽകാനാണ് കരാർ വ്യവസ്ഥ. എസ്.ഒ. 16/07 എന്ന പ്രോജക്ടിന് 32 ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകാനുദ്ദേശിച്ച സ്ഥാനത്ത് 98 പേർക്ക് പരിശീലനം നൽകും എന്നാണ് കരാറിൽ പറയുന്നത്. രണ്ട് കരാറിലും കമ്പ്യൂട്ടർ, ഫാഷൻ ടെക്നോളജി ഇവയ്ക്കുമാത്രം പരിശീലനം നൽകുന്ന കാര്യമേ പറയുന്നുള്ളൂ. മറ്റ് പല തൊഴിൽ പരിശീലനവും അവഗണിയ്ക്കപ്പെട്ടു. എസ്.സി.പി. പ്രോജക്ടും ജനറൽ പ്രോജക്ടും സംയോജിപ്പിച്ചാണ് നടപ്പാക്കിയിട്ടുള്ളത്. എത്ര എസ്.സി. ഗുണഭോക്താക്കളെ പരിശീലനത്തിന് തെരഞ്ഞെടുത്തു എന്ന് വ്യക്തമല്ല.

അംഗീകരിച്ച പ്രോജക്ടിന് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിക്കുക, അംഗീകാരമില്ലാതെ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുക, അംഗീകാരമില്ലാത്ത ഏജൻസിയെ തൊഴിൽ പരിശീലനത്തിന് ഏർപ്പെടുത്തുക, പ്രോജക്ടിൽ നിന്നും ക്വട്ടേഷനിൽ നിന്നും വ്യത്യസ്തമായി എഗ്രിമെന്റ് വയ്ക്കുക, അംഗീകരിച്ച പ്രോജക്ടിനെ നോക്കുകുത്തിയാക്കി ഇഷ്ടാനുസരണം തൊഴിൽ പരിശീലന ഇനം തെരഞ്ഞെടുക്കുക എന്നിങ്ങനെ ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും ധാരാളം ക്രമക്കേടുകൾ കടന്നു കൂടിയിരിക്കുന്നു.

22-12-2006-ൽ എഗ്രിമെന്റ് വച്ചതും നടപ്പിലാക്കാത്തതുമായ പദ്ധതികൾക്ക് 12-2-2007-ലെ 1(3), 1(6), 9-3-2007-ലെ 1(6), 1(10) തീരുമാനങ്ങൾ പ്രകാരം 5,00,000 രൂപ നൽകാൻ തീരുമാനിച്ച പഞ്ചായത്ത് കമ്മിറ്റിയും, സെക്രട്ടറിയും ഈ

പ്രവൃത്തിക്ക് തുല്യ ഉത്തരവാദികളാണ്. ഇതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സെക്രട്ടറി, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : 1. ശ്രീ. ഡി. രാജീവ് , സെക്രട്ടറി ,
രാജീവം, പി.വി.ആർ.എ. 95 - എ,
നടുവിള ലൈൻ, എൻ.സി.സി. റോഡ്,
പേരൂർക്കട പി.ഒ.

2. പഞ്ചായത്ത് കമ്മിറ്റി

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.3 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേസിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന്, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വെബ്സൈറ്റിൽ പ്രസ്തുത കേസ് പെൻഡിംഗ് എന്നാണ് കാണിക്കുന്നതെന്നും വിധി വന്നിട്ടില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

84. സെക്രട്ടറി, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുക തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണെന്ന ഓഡിറ്റ് റിപ്പോർട്ടിലെ നിർദേശം പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഉത്തരവാദികളായ പതിനാറ് പേരിൽനിന്ന് തുക ഈടാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും ഇതിൽ ആറുപേർ തുക അടയ്ക്കുകയും ഒരാൾ മരണപ്പെടുകയും ചെയ്തുവെന്നും ബാക്കിയുള്ള ഒൻപതുപേർ ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ ഓർഡർ വാങ്ങുകയും ചെയ്തിട്ടുള്ളതായാണ് സ്റ്റാൻഡിംഗ് കമ്മിറ്റി അറിയിച്ചിട്ടുള്ളതെന്നും സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്സ് മറുപടി നൽകി.

85. ഇത്തരം കേസുകളുടെ കാര്യത്തിൽ കുറച്ചുകൂടി ശ്രദ്ധ നൽകേണ്ടതാണെന്നും ഒരാളുടെ ബാധ്യത നിശ്ചയിച്ച് കോടതിയിൽ ഒരു കേസ് നിലനിൽക്കുമ്പോൾ പ്രസ്തുത വ്യക്തിക്ക് സർവ്വീസ്/പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കണമെന്നും കോടതിയുടെ പരിഗണനയിലുള്ള വിഷയത്തിൽപ്പോലും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

86. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഡാറ്റാ ബേസ് തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറേറ്റ് തുടർനടപടി സ്വീകരിക്കുന്നുണ്ടെന്നും ഈ കേസിൽ ഡി.സി.ആർ.ജി. തടഞ്ഞുവച്ചിരിക്കാൻ സാധ്യതയുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

87. ഇക്കാര്യം പരിശോധിച്ച് അറിയിക്കാനും പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട കോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**88. ഒരു കേസ് നിലനിൽക്കുമ്പോൾ പ്രസ്തുത വ്യക്തിക്ക് സർവീസ്/പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കണമെന്നും കോടതിയുടെ പരിഗണനയിലുള്ള വിഷയത്തിൽപ്പോലും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് വകുപ്പ് പരാമർശിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും കൂടാതെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കോടതി അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊയ്യ ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല**

**ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അംഗീകരിച്ച ക്വട്ടേഷനിൽ നിന്നും കുറഞ്ഞ അളവിലുള്ള പൈപ്പ് നൽകിയത്**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ : 3.5

രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി പി.വി.സി. പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും മാളയിലെ ശക്തി ഹാർഡ്‌വെയേഴ്സിന്റെ ക്വട്ടേഷൻ 17-3-2004-ലെ 423-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. തുടർന്ന് എ-വൺ പ്ലാസ്റ്റിക് കമ്പനിയുടെ 280 എം.എം. പി.വി.സി. പൈപ്പ് 295 മീറ്റർ വാങ്ങുന്നതിനുവേണ്ടി മീറ്ററിന് 1420 രൂപ നിരക്കിൽ 4,18,900 രൂപയ്ക്ക് ഓർഡർ നൽകി. എന്നാൽ ലഭിച്ച പൈപ്പ് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിൽ പ്രഷർ ടെസ്റ്റ് നടത്തിയപ്പോൾ ആവശ്യമായ 280 എം.എം.-നു പകരം 260 എം.എം. പൈപ്പാണ് നൽകിയതെന്ന് കാണാൻ സാധിച്ചു.

കരാർ പ്രകാരം നൽകേണ്ട 280 എം.എം. പി.വി.സി. പൈപ്പിന് പകരം സ്ഥാപനം 260 എം.എം. പി.വി.സി. പൈപ്പ് നൽകുകയും എന്നാൽ 280 എം.എം. പൈപ്പിന്റെ വിലയായ 4,18,900 രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നമ്പർ 473588 തീയതി 29-3-2004, തുക 3,35,120 പാർട്ട് ബിൽ പേമെന്റ്, ബാക്കി തുക അടുത്ത വർഷം നൽകി).

ശരിയായ ഗുണനിലവാരം ഉറപ്പാക്കാത്ത പൈപ്പ് ഉപയോഗിച്ചതുവഴി പദ്ധതി ശരിയായ രീതിയിലല്ല നടപ്പിലാക്കിയിരിക്കുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ മേൽ പദ്ധതികളുടെ പ്രവർത്തനത്തെക്കുറിച്ചും, പൈപ്പ് വാങ്ങിയതിൽ നടന്ന ക്രമക്കേടിനെക്കുറിച്ചും കൂടുതൽ അന്വേഷണം ആവശ്യമാണ്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

[(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.8.7(i))]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് പൈപ്പുകൾ ലേലം ചെയ്യുന്നതിനുള്ള തീരുമാനപ്രകാരം 2016-ൽ ലേലവും പുനർലേലവും നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പൈപ്പുകൾ ലേലം ചെയ്തിട്ടില്ലെന്നും അവ പാഴ് വസ്തുക്കളായി കണക്കാക്കാൻ കഴിയില്ലെന്ന അഭിപ്രായമാണ് നിലവിൽ എഞ്ചിനീയറുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതെന്നും പൊയ്യ ഗ്രാമപഞ്ചായത്ത് ഹെഡ്ക്ലാർക്ക് മറുപടി നൽകി.

90. പദ്ധതി നടത്തിപ്പിന് തടസ്സം വന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞതിന് 2004-05-ൽ ആസൂത്രണം ചെയ്ത ജലസേചന പദ്ധതിക്കായി പൈപ്പുകൾ വാങ്ങിയെങ്കിലും ഉപ്പുവെള്ളമായതിനാൽ ആ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ലെന്ന് പൊയ്യ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് വ്യക്തമാക്കി.

91. ആവശ്യമായ സ്പെസിഫിക്കേഷൻ ഇല്ലാത്ത പൈപ്പ് വാങ്ങി ഉപയോഗിച്ചിട്ട് പദ്ധതി നടപ്പായില്ല എന്ന് പറയുന്നത് ന്യായീകരിക്കാനാവില്ലെന്നും ഉപയോഗപ്രദമല്ലാത്ത പൈപ്പ് വാങ്ങി എന്നതാണ് പ്രധാനപ്പെട്ട വിഷയമെന്നും സമിതി വിലയിരുത്തി.

92. 280 എം.എം. പി.വി.സി. പൈപ്പ് തന്നെയാണ് വാങ്ങിയിട്ടുള്ളതെന്ന് പ്രഷർ ടെസ്റ്റ് നടത്തി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് പരിശോധനാ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് പൊയ്യ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് അറിയിച്ചു.

93. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിപുലീകരണത്തിന് വേണ്ടിയുള്ളതായിരുന്നു പ്രസ്തുത പദ്ധതിയെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്നും പ്രസ്തുത പദ്ധതികൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നും സമിതി ആരാഞ്ഞതിന് പദ്ധതി നിലവിലില്ലെന്നും ഉപ്പുവെള്ളമായതിനാൽ പദ്ധതി ഉപേക്ഷിക്കുകയാണ് ചെയ്തതെന്നും പൊയ്യ ഗ്രാമപഞ്ചായത്തിലെ വെള്ളക്കെട്ടുകൾ മാറ്റുന്നതിനായി കനോലി കനാലിന്റെ ഭാഗത്തേയ്ക്ക് വെള്ളം വിടുന്നതിനും കാനകൾക്ക് പകരമായി പ്രസ്തുത പൈപ്പുകൾ ഉപയോഗിക്കുന്നതിനുമുള്ള പുതിയ പ്രൊപ്പോസൽ കഴിഞ്ഞ ദിവസം പഞ്ചായത്ത് കമ്മിറ്റി മുന്നോട്ടുവച്ചിട്ടുണ്ടെന്നും പൊയ്യ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് ബോധിപ്പിച്ചു.

94. കാനയ്ക്ക് പകരം പൈപ്പുപയോഗിച്ചാൽ ബ്ലോക്കുണ്ടാകുന്നതിനുള്ള സാധ്യതകളുണ്ടോയെന്നും കനോലി കനാലിലേയ്ക്ക് പോകുന്ന വെള്ളം തുറന്നുവിടുമ്പോൾ എന്തെല്ലാം പാരിസ്ഥിതികാഘാതങ്ങൾ ഉണ്ടാകുമെന്ന് പരിശോധിക്കണമെന്നും ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയും ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. പാഴ്വസ്തുവായി പോലും ആർക്കും ആവശ്യമില്ലാത്ത പൈപ്പുകൾ ഉപയോഗിച്ച് പുതിയ പദ്ധതി നടപ്പാക്കാനുള്ള നിർദേശത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

95. പുതിയ പദ്ധതി നടപ്പാക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടില്ലെന്നും വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിന് കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി കൂടിയാലോചിച്ചശേഷം സാധ്യമാണെങ്കിൽ ഉപയോഗപ്പെടുത്താമെന്ന രീതിയിൽ ചർച്ച നടത്തുക മാത്രമേ ചെയ്തിട്ടുള്ളൂവെന്നും പ്രസ്തുത പൈപ്പുകൾ ഇപ്പോൾ പാഴ്വസ്തുവായി പരിഗണിക്കാൻ കഴിയില്ല എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പതിനെട്ട് വർഷത്തോളം പഴക്കമുള്ളതിനാൽ കുടിവെള്ള പദ്ധതികൾക്കൊന്നും ഇവ ഉപയോഗിക്കാൻ കഴിയില്ലെന്നും തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി.

96. പാഴ്വസ്തുവായി പരിഗണിക്കാൻ കഴിയില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തെങ്കിൽ പിന്നെങ്ങനെയാണ് ലേലം ചെയ്യാൻ തീരുമാനമെടുത്തതെന്ന് സമിതി ആരാഞ്ഞതിന് 2016-ലാണ് ലേലം ചെയ്യാൻ തീരുമാനിച്ചതെന്നും ഇപ്പോഴാണ് എ.ഇ. ഇങ്ങനെയൊരു നിർദേശം വച്ചതെന്നും തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

97. മലിനജലവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്ക വലിപ്പമുള്ള പ്രസ്തുത പൈപ്പുകൾ വാട്ടർ അതോറിറ്റിക്കോ അതുപോലുള്ള ഏജൻസികൾക്കോ മാത്രമേ ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളൂവെന്നും സർക്കാർ

അനുവാദത്തോടെ ഇത്തരം ഏജൻസികൾക്ക് പൈപ്പ് കൈമാറുന്നതായിരിക്കും ഉചിതമെന്നും പൈപ്പ് പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് വീണ്ടും പദ്ധതി തയ്യാറാക്കുന്നതിനോട് യോജിക്കാൻ കഴിയില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

98. പ്രായോഗികമല്ലാത്ത പദ്ധതികൾക്ക് വേണ്ടി പൊതുപണം ചെലവാക്കപ്പെടുന്ന പ്രവണത വർധിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദേശിച്ചതുപോലെ പ്രസ്തുത പൈപ്പുകൾ മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറാൻ കഴിയുമോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**99. പ്രായോഗികമല്ലാത്ത പദ്ധതികൾക്ക് വേണ്ടി പൊതുപണം ചെലവാക്കുന്നതിന് ഉദാഹരണമാണ് ഓഡിറ്റ് വകുപ്പ് പ്രസ്തുത പരാമർശത്തിലൂടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള പ്രവണത വർധിക്കുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.**

**100. മലിനജലവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്ക വലിപ്പമുള്ള പ്രസ്തുത പൈപ്പുകൾ വാട്ടർ അതോറിറ്റിക്കോ മറ്റേതെങ്കിലും ഏജൻസികൾക്കോ കൈമാറാൻ കഴിയുമോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല**

**കുടുംബശ്രീ സമഗ്ര കൃഷി വികസനം - കൃഷി ഉപകരണങ്ങൾ വാങ്ങൽ - മോണിറ്ററിംഗിന്റെ അഭാവം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05, ഖണ്ഡിക നമ്പർ : 3.4

പഞ്ചായത്തിലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് വനിതകൾക്ക് സ്വയം തൊഴിൽ നൽകുന്നതിനും അവരെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനും ലക്ഷ്യം വെയ്ക്കുന്ന ഒരു പദ്ധതിയാണിത്. പവർ ടില്ലർ, ട്രെയിലർ, മെതിയന്ത്രം എന്നീ ഉപകരണങ്ങൾ പഞ്ചായത്തിലെ കുടുംബശ്രീയിൽ അംഗങ്ങളായ സ്ത്രീകൾക്കുവേണ്ടി സി.ഡി.എസ്. പ്രസിഡന്റ്/സെക്രട്ടറിയുടെ പേരിൽ വാങ്ങുകയും, അവയുടെ സംരക്ഷണം, ഉപയോഗം, വരവ്-ചെലവ് കണക്കുകൾ എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തും സി.ഡി.എസ്.-മായി കരാർ ഉടമ്പടി ഉണ്ടാക്കുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. 1,50,000 രൂപ കെയ്കോ, തൃശ്ശൂർ-ന് നൽകി വാങ്ങിയ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെയോ, സ്റ്റോക്കിലെടുത്തതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

2. കമ്മിറ്റി ചെയർമാന്റേയും, സി.ഡി.എസ്. ചെയർപേഴ്സന്റെയും പേരിൽ ബാങ്കിൽ സംയുക്ത അക്കൗണ്ട് തുടങ്ങിയതിന് രേഖയില്ല.

3. വരവ്-ചെലവ് കണക്കുകൾ അവലോകനം ചെയ്യുന്നതിനും, നിരക്കുകൾ പുതുക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

4. ഉപകരണങ്ങൾ ഉപയോഗിച്ചതുവഴി ലഭിച്ച യഥാർത്ഥ തുക എത്രയെന്നോ, പ്രസ്തുത തുക നിർദിഷ്ട അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നോ എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

മേൽ പരാമർശങ്ങളിൽ നിന്നും കാർഷികോപകരണങ്ങൾക്കായി ചെലവഴിച്ച 1,50,000 രൂപ അതിന്റെ പൂർണ അർഥത്തിൽ ഉപയോഗപ്പെടുത്താൻ സി.ഡി.എസ്.-ന് കഴിഞ്ഞിട്ടില്ല. കാർഷികമായ വളർച്ച ഉന്നമാക്കി വാങ്ങിയ ഉപകരണങ്ങൾ നശിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ഭൗതിക പരിശോധനയിൽ നിന്നും ലഭ്യമായത്. ഇത്തരം പദ്ധതികളുടെ പ്രായോഗികക്ഷമതയെക്കുറിച്ചും, പഞ്ചായത്തിന്റെ ആവശ്യങ്ങളെ കുറിച്ചുമുള്ള വ്യക്തമായ ധാരണ ഇല്ലാതെയാണ് പദ്ധതി നടപ്പാക്കിയത്. ഉപകരണങ്ങളുടെ സംരക്ഷണം, പ്രവർത്തനം, വരവ്-ചെലവ് കണക്കുകൾ, ആസ്തിയുടെ പ്രവർത്തനക്ഷമത, അറ്റകുറ്റപ്പണികൾക്കും ആവർത്തന ചെലവുകൾക്കും ഉള്ള സംവിധാനം എന്നിവ മോണിറ്ററിംഗിൽ ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണെങ്കിലും ഇത്തരത്തിലുള്ള ഫലപ്രദമായ മോണിറ്ററിംഗ് നടന്നിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.8.8(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പവർ ടില്ലർ, ട്രെയിലർ, മെതി യന്ത്രം തുടങ്ങി മൂന്ന് ഉപകരണങ്ങളാണ് പദ്ധതിയുടെ ഭാഗമായി വാങ്ങിയതെന്നും പവർ ടില്ലർ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടെന്നും ആവശ്യക്കാരില്ലാതെ വന്ന സാഹചര്യത്തിൽ ശേഷിക്കുന്ന രണ്ട് ഉപകരണങ്ങൾ ഉപയോഗശൂന്യമായിയെന്നും കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത ഉപകരണങ്ങൾ പരിശോധിച്ച് ഉപയോഗശൂന്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ലേലം ചെയ്യുന്നതാണ് ഉചിതമെന്ന തീരുമാനത്തിലെത്തിയെന്നും കാടുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

102. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**103. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങളിൽ പവർ ടില്ലർ നിലവിലും ഉപയോഗിക്കുന്നുണ്ടെന്നും ആവശ്യക്കാരില്ലാതെ വന്നതിനാൽ ഉപയോഗശൂന്യമായി കണ്ടെത്തിയ ട്രെയിലർ, മെതിയന്ത്രം എന്നിവ ലേലം ചെയ്യുന്നതാണെന്നുമുള്ള കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെരുവെമ്പ് ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല**

**കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2007-08, ഖണ്ഡിക നമ്പർ : 3-2(1)

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 1.4.2002 മുതൽ കൈമാറി കിട്ടിയ മേലേക്കാട്, പാലത്തുള്ളി കുടിവെള്ള പദ്ധതികളിൽ പാലത്തുള്ളി കുടിവെള്ള പദ്ധതി മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമം. 2004-05 വർഷം മുതൽ 2007-08 വർഷം വരെയുള്ള 4 വർഷങ്ങളിലെ കണക്കു പരിശോധിച്ചതിൽ വെള്ളക്കരം ഇനത്തിൽ 7,85,287 രൂപ വരവു വന്നിട്ടുണ്ട്. എന്നാൽ ജലവിതരണത്തിനും, വിതരണ സംവിധാനത്തിന്റെ പരിപാലനത്തിനുമായി 26,40,151 രൂപ ചെലവഴിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ സർക്കാർ ധനസഹായങ്ങളുടെ സിംഹഭാഗവും ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുക, കൃത്യമായ വെള്ളക്കരം പിരിച്ചെടുക്കുക, ചെലവ് കുറയ്ക്കുക എന്നീ വഴികളിലൂടെ ഈ ഇനത്തിലെ നഷ്ടം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.8.9(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. ഓഡിറ്റ് പരാമർശങ്ങളെ സംബന്ധിച്ച വിശദീകരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശികയിനത്തിൽ 8 ലക്ഷം രൂപയിലധികം ലഭിക്കാനുണ്ടെന്നും കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് നോട്ടീസ് നല്കാനും

തിരിച്ചടയ്ക്കാത്തപക്ഷം വാട്ടർ കണക്ഷൻ വിച്ഛേദിക്കാനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വിതരണം ചെയ്യുന്ന ജലം ശുദ്ധീകരിച്ചതായതുകൊണ്ടുതന്നെ നിലവിൽ 75 രൂപ ഈടാക്കുന്നിടത്ത് നിരക്ക് 100 രൂപയായി വർധിപ്പിക്കാൻ ശിപാർശ നൽകിയിട്ടുണ്ടെന്നും അടുത്ത ഭരണസമിതി യോഗത്തിൽ ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുമെന്നും പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി.

105. പ്രസ്തുത പ്രദേശത്ത് ഭൂരിഭാഗവും പിന്നോക്കവിഭാഗത്തിൽപ്പെട്ട ആളുകളാണോ താമസിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് അല്ലെന്ന് പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി. പദ്ധതി നിർവഹണം പഞ്ചായത്തിനുപകരം ഏജൻസികളെ ഏൽപ്പിക്കാത്തതിന് കാരണമെന്താണെന്നും ഇത്തരം പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതാണ് പൊതുവായ രീതിയെന്നും പഞ്ചായത്ത് നേരിട്ട് നടത്തുമ്പോഴാണ് കുടിശ്ശിക സംബന്ധമായ ബുദ്ധിമുട്ടുണ്ടാകുന്നതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന്, നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത പദ്ധതി വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിൽ ഭരണസമിതിക്ക് വിയോജിപ്പുണ്ടെന്ന് പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. നിലവിൽ എത്ര കണക്ഷനുകളുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് 1200-ഓളം കണക്ഷനുകളുണ്ടെന്ന് പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി.

106. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണമെന്ന നിർദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**107. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണമെന്ന നിർദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല**

**വ്യക്തിഗത ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകേണ്ട സബ്സിഡി തുക ബാങ്കിലേക്ക് കൈമാറിയത് ക്രമപ്രകാരമല്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ: 3-4

ഗ്രാമപഞ്ചായത്ത് രണ്ട് ഭവനനിർമ്മാണ പദ്ധതികൾക്കായി യഥാക്രമം 7,80,000 രൂപ, 80,000 രൂപ എന്നിങ്ങനെ ആകെ 8,60,000 രൂപ പദ്ധതിഫണ്ടിൽ നിന്നും പൊതു വിഭാഗം പദ്ധതിഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. 43 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുവാൻ ലക്ഷ്യമിട്ടു. പദ്ധതിപ്രകാരം ആകെ ചെലവിന്റെ 50% പദ്ധതിവിഹിതവും ബാക്കി 50% ഗുണഭോക്തൃവിഹിതം ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കേണ്ടതുമാണ്. എന്നാൽ ഇതിനുവിരുദ്ധമായി 13-12-2006-ലെ കമ്മിറ്റി തീരുമാനപ്രകാരം പദ്ധതിവിഹിതമായ 8,60,000 രൂപ 24-3-2007-ന് അലത്തൂർ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ബാങ്കിന് നൽകുകയാണ് ചെയ്തത്. ഇതിന് ബാങ്ക് ലെറ്റർപാഡിൽ തീയതി എഴുതാത്ത ഒരു രസീത് മാത്രമാണ് നൽകിയിട്ടുള്ളത്. ഗുണഭോക്താവിന് സബ്സിഡി തുക ബാങ്കിൽ നിന്ന് നൽകിയതിന്റേയും ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റേയും രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകേണ്ട പദ്ധതിതുക ബാങ്കിന് കൈമാറിയത് ക്രമപ്രകാരമല്ല. ബാങ്കിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതിപണം തിരികെ ഈടാക്കേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.8.10(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

108. ഫണ്ട് വിനിയോഗത്തിൽ കാലാകാലങ്ങളിലെ സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**109. ഫണ്ട് വിനിയോഗത്തിൽ കാലാകാലങ്ങളിലെ സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല**

**വനിതാക്ഷേമം (ജനറൽ, എസ്.സി.പി.) മോണിറ്ററിംഗിന്റെ അഭാവം**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ: 2.1

2006-07-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വനിതാക്ഷേമം ജനറൽ (എസ്.ഒ. 61/07), എസ്.സി.പി.(എസ്.ഒ. 126/07) എന്നീ പ്രോജക്ടുകൾക്കായി യഥാക്രമം 5,00,000, 8,00,700 എന്നീ തുകകൾ പദ്ധതിവിഹിതമായി വകയിരുത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും വിവിധ ഡിവിഷനുകളിൽ പ്രവർത്തിക്കുന്നതുമായ വനിതാ സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽ പരിശീലനം നൽകി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്നതായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമേ വ്യക്തിഗത സബ്സിഡി അനുവദിക്കാവൂ എന്ന നിബന്ധനയ്ക്ക് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള 24 ക്ഷീര സംഘങ്ങളിൽ നിന്നും മുൻഗണനാലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്.

ജനറൽ വിഭാഗത്തിൽ തെരഞ്ഞെടുത്ത 80 ഗുണഭോക്താക്കൾക്ക് 6,250 രൂപ പദ്ധതി വിഹിതവും 18,700 രൂപ ബാങ്ക് വായ്പയും വകയിരുത്തിയിരുന്നു. എസ്.സി. വിഭാഗത്തിൽ നിന്നും 54 പേരെ തെരഞ്ഞെടുത്ത് 10,000 രൂപ പദ്ധതിവിഹിതവും 15,000 രൂപ ബാങ്ക് വായ്പയും വകയിരുത്തിയിരുന്നു. ജനറൽ വിഭാഗത്തിനുള്ള സബ്സിഡി തുകയായ 5 ലക്ഷം രൂപയുടേയും എസ്.സി. വിഭാഗത്തിനുള്ള 5,39,533 രൂപയുടേയും (467 രൂപ കുറവ്) ഡിമാന്റ് ഡ്രാഫ്റ്റുകൾ കാനറാ ബാങ്ക് മാനേജർക്ക് 23-3-2007-ൽ നൽകി. ബാങ്ക് മാനേജർ ഡി.ഡി. കൈപ്പറ്റിയതായി രേഖയില്ല. ജനറൽ വിഭാഗത്തിലെ 7 പേർക്കും പട്ടികജാതി വിഭാഗത്തിലെ 3 പേർക്കും ലോൺ അനുവദിക്കുന്നതിന് സബ്സിഡി ഇനത്തിൽ 73,750 {(7x6250) + (3x10,000)} രൂപ നൽകുന്നതിനു പകരം 1,10,000 രൂപ നൽകാൻ കാനറാ ബാങ്ക് മാനേജർ ആവശ്യപ്പെട്ടിരുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല.

ജനറൽ, എസ്.സി. വിഭാഗങ്ങളിലായി ആകെ എത്രപേർക്ക് വായ്പ അനുവദിച്ചു എന്നത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല. പദ്ധതി വിഹിതത്തിൽ നിന്നും 10,39,533 രൂപ ചെലവഴിച്ചു നടത്തിയ ഈ പദ്ധതികൾക്ക് യാതൊരു മോണിറ്ററിംഗും നടത്തിയിട്ടില്ല. 23-3-2007-ൽ കാനറാ ബാങ്ക് മാനേജർക്ക് ഡി.ഡി. കൈമാറിയിട്ടും നാളിതുവരെ അതിൽനിന്നും എത്രപേർക്ക് വായ്പ അനുവദിച്ചു, എത്ര തുക ചെലവാകാതെ അവശേഷിക്കുന്നു എന്നതു സംബന്ധിച്ച് യാതൊരു അന്വേഷണവും നടത്താതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ നടപടി ഗുരുതരമായ കൃത്യവിലോപമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. വി. മുരളീധരൻ, സെക്രട്ടറി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.8.15(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

110. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**111. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് - പത്തനംതിട്ട**

**ജില്ലാതല സമഗ്ര ഊർജ്ജ സുരക്ഷാപരിപാടി പദ്ധതി സ്തംഭനാവസ്ഥയിൽ**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ : 3-12

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 2007-2009 കാലയളവിൽ നടപ്പിലാക്കുന്നതിനായി 2,17,85,500/-രൂപ അടങ്കലുള്ള ഒരു സമഗ്ര ഊർജ്ജസുരക്ഷാ പദ്ധതി തയ്യാറാക്കി ഡി.പി.സി.-യുടെ അംഗീകാരം വാങ്ങിയിരുന്നു. അംഗീകരിച്ച പദ്ധതിപ്രകാരം താഴെപ്പറയുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്.

| | | |
|---|---|---|
| 1. | വൈദ്യുതോൽപ്പാദന ഗ്യാസിഫയർ | 1 യൂണിറ്റ് |
| 2. | ജൈവ മാലിന്യങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റ് | 1 യൂണിറ്റ് |
| 3. | കമ്മ്യൂണിറ്റി അടുപ്പ് (വാണിജ്യം) | 100 യൂണിറ്റ് |
| 4. | കമ്മ്യൂണിറ്റി (സ്ഥാപനതരം) | 200 യൂണിറ്റ് |
| 5. | സൗര ഗാർഹിക വിളക്കുകളുടെ സമഗ്ര യൂണിറ്റ് | 660 യൂണിറ്റ് |
| 6. | ഗ്യാസിഫയർ അടുപ്പുകൾ | 200 യൂണിറ്റ് |

23-2-2008-ലെ ജി.ഒ.(പി.) 95/2008/ധന. നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് തുക അനർട്ടിന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്യാമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് 2007-08 വർഷം 20 ലക്ഷം രൂപ (പൊതുവിഭാഗം വികസന ഫണ്ട് 14 ലക്ഷം,

എസ്.സി.പി. വിഭാഗം 6 ലക്ഷം) അനർട്ടിന് നൽകി. 2008-09 വർഷം 32 ലക്ഷം രൂപ (വികസന ഫണ്ട് - 15 ലക്ഷം, തനത് ഫണ്ട് 17 ലക്ഷം) വകയിരുത്തിയിരുന്നുവെങ്കിലും വികസന ഫണ്ടിൽ നിന്നുമുള്ള 15 ലക്ഷം രൂപ മാത്രമാണ് അനർട്ടിന് നൽകിയത്. പദ്ധതിയ്ക്കായി ആകെ ജില്ലാപഞ്ചായത്ത് വിഹിതമായ 52.21 ലക്ഷം രൂപയിൽ 35 ലക്ഷം മാത്രമാണ് കൈമാറിയത്. ജില്ലാപഞ്ചായത്ത് അനർട്ടുമായി ഏർപ്പെട്ട കരാർ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ 1-4-2008-ൽ ആരംഭിക്കുന്നതും 30-6-2009-ൽ അവസാനിക്കുന്നതുമാണ്. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേതല്ലാത്ത വീഴ്ചയാൽ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായാൽ, വീഴ്ചവരുത്തുന്ന ഓരോ മാസത്തിനും എസ്റ്റിമേറ്റ് തുകയുടെ 2% ക്രമത്തിൽ പിഴപലിശ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അർഹതയുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത 35 ലക്ഷം രൂപ നിഷ്ഫലമായി അവശേഷിക്കുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. എസ്. സുരേഷ്, സെക്രട്ടറി,

തെക്കേതിൽ, ക്ലാപ്പന നോർത്ത് പി.ഒ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.18 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

112. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ /ശിപാർശകൾ**

**113. സമ്പൂർണ്ണ ഊർജ്ജ സുരക്ഷ പദ്ധതിയ്ക്കായി നിക്ഷേപിച്ച 35 ലക്ഷം രൂപയിൽ ചെലവഴിക്കാതെ ബാക്കിയുള്ള 26,08,650 രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - തൃശ്ശൂർ ജില്ല**

**പാരാമെഡിക്കൽ രംഗത്ത് തൊഴിൽ നൽകൽ പദ്ധതി - ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2001-02, ഖണ്ഡിക നമ്പർ : 34

ഐ.സി.ഡി.എസ്. ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 81 വനിതകൾക്ക് തൊഴിൽനൽകുകയും അതോടൊപ്പം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന രോഗികൾക്ക് രോഗനിർണ്ണയ പരിശോധനയ്ക്ക് ലാബറട്ടറി സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുകയും ചെയ്യുക എന്നതാണ് ലക്ഷ്യമിട്ടിരുന്നത്.

പദ്ധതിയിൻകീഴിൽ ലാബ് ടെക്നീഷ്യൻമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ പരിശീലനം നൽകി നിയമിക്കുകയും മാസപ്രതിഫലമായി പിരിയുന്ന ഫീസിന്റെ നിശ്ചിത ശതമാനം നൽകുകയും, ലാബറട്ടറിയ്ക്ക് ആവശ്യമായിവരുന്ന ഉപകരണങ്ങളും, രാസപദാർത്ഥങ്ങളും ആശുപത്രി വികസനസമിതിയുടെ മേൽനോട്ടത്തിൽ വാങ്ങി നൽകുകയും ചെയ്യാൻ പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നു.

യൂണിറ്റിന് 60,000 രൂപ നിരക്കിൽ 50 യൂണിറ്റുകൾക്ക് 30,00,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഓരോ യൂണിറ്റിലെയും 50,000 രൂപ ജില്ലാ പഞ്ചായത്തും 10,000 രൂപ ഗ്രാമപഞ്ചായത്തും വഹിക്കണമെന്നാണ് പ്രോജക്ടിൽ പറഞ്ഞിരിക്കുന്നത്. ആദ്യഘട്ടത്തിൽ നിർവഹണ ഉദ്യോഗസ്ഥന് 26,00,000 രൂപ നൽകിയിരുന്നു.

പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ ലാബറട്ടറി ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യം ഒരുക്കുന്നതിനും പകരം, നിർവഹണ ഉദ്യോഗസ്ഥൻ മേൽപ്പറഞ്ഞ തുക വിനിയോഗിച്ചുകൊണ്ട് ലാബറട്ടറിക്ക് ആവശ്യമായ ഉപകരണങ്ങളും, രാസപദാർത്ഥങ്ങളും വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

ഓഡിറ്റ് വർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ തുക കൈപ്പറ്റിയതിനുശേഷം പദ്ധതി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ ഭാഗികമായി വിതരണം നടത്തിയെങ്കിലും പദ്ധതിപ്രവർത്തനം ആരംഭിക്കുകയോ, ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുകയോ ചെയ്തിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ ലാബറട്ടറിയ്ക്ക് ഉപകരണങ്ങൾ വാങ്ങിയതിന് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥനായി ജില്ലാ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനുപകരം ഐ.സി.ഡി.എസ്. ഓഫീസറെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങേണ്ടതാണ്. ചെലവ് തുക 26,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ. എൻ. വിശ്വനാഥൻ, ഐശ്വര്യ,

ലെജനത്ത് പാർസ്, പാലക്കാട് - 688 001.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.19 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

114. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പദ്ധതി പ്രകാരം 46 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാണ് ലാബ് ഉപകരണങ്ങളും അനുബന്ധ വസ്തുക്കളും വിതരണം ചെയ്യേണ്ടിയിരുന്നതെന്നും കാറളം, കുഴിമുട്ടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് സ്ഥലസൗകര്യമില്ലാത്തതിനാൽ ഉപകരണങ്ങൾ നല്കാൻ കഴിഞ്ഞില്ലെന്നും അവിടേയ്ക്കുള്ള ഉപകരണങ്ങൾ വിതരണം നടത്തിയ യൂണിവേഴ്സൽ ഏജൻസീസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ കസ്റ്റഡിയിൽ സൂക്ഷിച്ചതായാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നും നിർവഹണ ഉദ്യോഗസ്ഥൻ പിന്നീട് സ്ഥലംമാറി പോയിയെന്നും അദ്ദേഹം സർവ്വീസിൽ നിന്ന് വിരമിച്ചിട്ട് 15 വർഷം കഴിഞ്ഞുവെന്നും നിലവിൽ യാത്ര ചെയ്യാൻ കഴിയാത്തവിധം രോഗാവസ്ഥയിലാണെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

115. വിതരണം ചെയ്യാതെ ശേഷിക്കുന്ന ഉപകരണങ്ങൾ സ്ഥലസൗകര്യമുള്ള മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുമോയെന്നും യൂണിവേഴ്സൽ ഏജൻസീസ് എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും അവരിൽ നിന്നും നിയമപരമായി ഈടാക്കാനുള്ള സാധ്യതയുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 20 വർഷം മുമ്പുള്ള കാര്യമാണിതെന്നും നിലവിലെ സ്ഥിതിയെക്കുറിച്ച് വ്യക്തമല്ലെന്നും സ്ഥാപനം നിലവിലുണ്ടെന്നും 20 വർഷം കഴിഞ്ഞതിനാൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കാൻ സാധ്യത കുറവാണെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

116. ജില്ലാ പഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങൾ ഏജൻസിയിൽ സൂക്ഷിച്ചത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി. നിർവഹണോദ്യോഗസ്ഥന് ജില്ലാ ആരോഗ്യ വകുപ്പുമായി ഏകോപനമില്ലാതിരുന്നത് കാരണമാണ് ഇങ്ങനെ സംഭവിക്കാനിടയായതെന്നും ഉപകരണം വിതരണം ചെയ്യുകയായിരുന്നില്ല മറിച്ച് തൊഴിൽ പരിശീലനത്തിലൂടെ വനിതകളെ ലാബ് ടെക്നീഷ്യന്മാരാക്കുക എന്നുള്ളതായിരുന്നു പദ്ധതി കൊണ്ടുദ്ദേശിച്ചിരുന്നതെന്നും പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചില്ലായെന്നും ഉപകരണം ലഭിച്ച പി.എച്ച്.സി.-കൾക്ക് അത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യത്തിലും ഉറപ്പില്ലെന്നും ലാബ് ടെക്നീഷ്യന്മാരെയോ അടിസ്ഥാന സൗകര്യങ്ങളോ ഒരുക്കാതെ വാങ്ങിയ ഉപകരണങ്ങൾ മുഴുവൻ കൊടുത്തുതീർക്കാൻ കഴിയാത്ത നിലയിൽ പദ്ധതി അവസാനിപ്പിക്കേണ്ടി വന്നു

എന്നതാണ് യാഥാർത്ഥ്യമെന്നും ഇരുപത് വർഷങ്ങൾ കഴിഞ്ഞതിനാൽ പ്രസ്തുത ഉപകരണങ്ങൾ കൊണ്ട് പ്രയോജനമുണ്ടാകുമെന്ന് കരുതാനാകില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**117. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൈത്തറി കോമൺ ഫെസിലിറ്റി സെന്റർ, തിരുവില്വാമല**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2003-04, ഖണ്ഡിക നമ്പർ : 2-7

കൈത്തറി സൊസൈറ്റികൾക്കും, നെയ്ത്തുകാർക്കും നൂൽ ചായംമുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, നെയ്ത്തുകാർക്ക് ഡൈയിംഗിലും വീവിംഗിലും പരിശീലനം നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി തിരുവില്വാമല ഗ്രാമപഞ്ചായത്ത് വക 80 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിന് തീരുമാനിക്കുകയും 10,50,000 രൂപ വകയിരുത്തിയ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. 5.20 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്കായി കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച് വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇതുവരെയും കെട്ടിടം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.19 (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

118. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും അവിടെ ഡൈയിംഗ് യൂണിറ്റ് നടത്തുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയെന്നും ഡൈയിംഗ് യൂണിറ്റ് ആരംഭിച്ചപ്പോൾ പ്രാദേശികമായി എതിർപ്പ് വന്നതിനെത്തുടർന്ന് അത് നിർത്തലാക്കിയെന്നും നിലവിൽ അവിടെ ബഡ്സ് സ്കൂൾ നടത്തുന്നുണ്ടെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

119. നിലവിൽ കെട്ടിടം ഉപയോഗിച്ചുവരുന്നുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**120. തിരുവില്വാമല ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ നിർമ്മിച്ച കെട്ടിടം ബഡ്സ് സ്കൂൾ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഈറ്റ, മുള – കോമൺ ഫെസിലിറ്റി സെന്റർ**

ഓഡിറ്റ് റിപ്പോർട്ട് വർഷം :2003-04, ഖണ്ഡിക നമ്പർ : 2-8

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതിയ്ക്കുവേണ്ടി 13,00,000 രൂപ വകയിരുത്തിയിരുന്നു. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് കൂടുതൽ വരുമാനം ലഭിക്കത്തക്കവിധം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി മുരുങ്ങൂർ തെക്കുംമുറി വില്ലേജ് സർവ്വേ നമ്പർ 565 പ്രകാരം സൗജന്യമായി ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ 25 സെന്റ് സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി 5.40 ലക്ഷം രൂപ കോസ്റ്റ് ഫോർഡിന് നൽകിയിരുന്നു. എന്നാൽ കോസ്റ്റ്ഫോർഡിനു നൽകിയ തുകയുടെ ചെലവ് സംബന്ധമായ രേഖകൾ, അളവുപുസ്തകം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പദ്ധതി ആരംഭിച്ച് വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കെട്ടിടം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.19 (iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

121. 23-2-2008-ൽ കോസ്റ്റ്ഫോർഡ് കെട്ടിടം നിർമ്മിച്ച് ജില്ലാ വ്യവസായ കേന്ദ്രം മാനേജർക്ക് കൈമാറിയെങ്കിലും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലാത്തതിനാൽ വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. പിന്നീട് കെട്ടിടം ഉപയോഗക്ഷമമല്ലെന്ന് കൊരട്ടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ

അനുവാദത്തോടെ കെട്ടിടം പൊളിച്ചു മാറ്റിയെന്നും നിലവിൽ അവിടെ വാട്ടർ അതോറിറ്റിയുടെ ടാങ്ക് നിർമ്മിച്ചുവരുന്നുവെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**122. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊല്ലം നഗരസഭ – കൊല്ലം ജില്ല**

**നിലവിലില്ലാത്ത തയ്യൽ പരിശീലന കേന്ദ്രം വിപുലീകരിക്കൽ- ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 46,904 രൂപയുടെ ചെലവ് നിരാകരിക്കുന്നു**

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2008-09, ഖണ്ഡിക നമ്പർ : 3-12

വികസന ഫണ്ടിൽ നിന്നും 50,000 രൂപ വകയിരുത്തിയ ആക്കോലിൽ നഗരസഭ വക തയ്യൽ പരിശീലന കേന്ദ്രം വിപുലീകരണം എന്ന 188/08-09-ാം നമ്പർ പ്രോജക്ടിന് 1-12-2008-ലെ പ്ലാനിംഗ്/475/08-09/ഡി.പി.സി. നമ്പർ പ്രകാരം കൊല്ലം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസറുടെ 30-3-2009-ലെ IND/43772/08(1), IND/43772/08(2) എന്നീ ഉത്തരവുകൾ പ്രകാരം തയ്യൽ പരിശീലന കേന്ദ്രത്തിനുവേണ്ടി കൊല്ലം മേടയിൽ മുക്ക്, സൺ മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്ന് തയ്യൽമെഷീൻ, എംബ്രോയിഡറി മെഷീൻ, കട്ടിംഗ് ആന്റ് ടെയിലറിംഗ് സിസ്റ്റേഴ്സ് എന്നിവ വാങ്ങിയതിന് 30,737 രൂപയും, തെക്കേവിള മെ. വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് ആംചെയർ, സ്റ്റൂൾ, കട്ടിംഗ് ടേബിൾ, സ്റ്റീൽ അലമാര, സ്റ്റീൽ ടേബിൾ എന്നിവ വാങ്ങിയതിന് 16,167 രൂപയും ഉൾപ്പെടെ ആകെ 46,904 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ, ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രത്തിന് കൈമാറിയതിന്റെയോ രേഖകൾ ഓഡിറ്റിന് നൽകിയിട്ടില്ല.

ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന 29-5-2006-ലെ ബഹു. മേയറുടെ ഉത്തരവുപ്രകാരം റവന്യൂ ഇൻസ്പെക്ടർ ഹാജരാക്കിയ 31-7-2006-ലെ റിപ്പോർട്ടിൽ,

ജനകീയാസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഒരു വാടക കെട്ടിടത്തിലാണ് തയ്യൽ പരിശീലന കേന്ദ്രം പ്രവർത്തിച്ചിരുന്നതെന്നും അവിടെ പരിശീലകയായിരുന്ന വനിതയ്ക്ക് അപകടത്തിൽ പരിക്കേറ്റതിനാൽ 31-3-2001-ന് ശേഷം ടി കേന്ദ്രം പ്രവർത്തിക്കുന്നില്ലെന്നും ആയതിനാൽ അതിനുശേഷമുള്ള കെട്ടിടത്തിന്റെ വാടക നൽകേണ്ടതില്ലെന്നും പറയുന്നുണ്ട്.

ഇരവിപുരം ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനനില അറിയുന്നതിന് കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് ഓഫീസിൽ നിന്നും നൽകിയ 18-11-2009-ലെ എൽ.എഫ്.ക്യൂ.എം.4-422/09-ാം നമ്പർ കത്തിന് തയ്യൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന EP/XII/469-ാം നമ്പർ കെട്ടിടം ശ്രീമതി വിമല എന്ന കക്ഷിക്കാണ് വാടകയ്ക്ക് നൽകിയിരുന്നതെന്നും ടിയാളുടെ ഭർത്താവ് മരിച്ചതിനുശേഷം ടി സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യമായി നടക്കുന്നില്ലെന്നും 2006 ഫെബ്രുവരി മാസത്തിനുശേഷം വാടക ലഭിച്ചിട്ടില്ലെന്നും കെട്ടിട ഉടമ അറിയിച്ചതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വാടക കെട്ടിടത്തിന്റെ എഗ്രിമെന്റ് പുതുക്കിയിട്ടില്ലെന്നും കെട്ടിടത്തിന്റെ താക്കോൽ കെട്ടിട ഉടമയെ തിരികെ ഏൽപ്പിച്ചിട്ടുണ്ടെന്നും 30-11-2009-ലെ റ്റി.പി.1/ഇ 2/3662/09-ാം നമ്പർ കത്ത് പ്രകാരം സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ നിന്ന് ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രം ഇപ്പോൾ നിലവിലില്ലെന്ന് വ്യക്തമാണ്. നിലവിലില്ലാത്ത സ്ഥാപനം വിപുലീകരിക്കുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതും ഉപകരണങ്ങൾ വാങ്ങിയതും അംഗീകരിക്കാവുന്നതല്ല. പ്രസ്തുത ഉപകരണങ്ങൾ എന്തുചെയ്തുവെന്നോ എവിടെ സൂക്ഷിക്കുന്നുവെന്നോ വ്യക്തമല്ല. പ്രസ്തുത വിഷയത്തിൻമേൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് കൊല്ലം കോർപ്പറേഷൻ ഓഫീസിൽ നിന്നും നൽകിയ 6-1-2010-ലെ എൽ.എഫ്.ക്യൂ.എം.4-5/10-ാം നമ്പർ കത്തിന് നിർവഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ മറുപടി നൽകിയിട്ടുമില്ല. ആയതിനാൽ ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രം വിപുലീകരണം എന്ന പ്രോജക്ട് പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 46,904 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.20 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

123. പ്രവർത്തനരഹിതമായ തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തന-സജ്ജമാക്കുന്നതിനുവേണ്ടിയാണ് ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള 46,904 രൂപ

ഉപയോഗപ്പെടുത്തി 12 തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതെന്നും അത് നടത്തിക്കൊണ്ടിരുന്ന വ്യക്തിയുടെ അസൗകര്യം മൂലവും വാടകക്കെട്ടിടമായതിനാലും പദ്ധതി പ്രവർത്തനരഹിതമായിയെന്നും കേന്ദ്ര പദ്ധതിയായ ദേശീയ നഗര ഉപജീവന പദ്ധതിക്ക് കീഴിൽ ഇതിനെ കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ സാധിക്കാത്തതുകൊണ്ട് അതിന് സാധിച്ചില്ലെന്നും പിന്നീട് അത് പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി കൗൺസിൽ തീരുമാനപ്രകാരം കൊല്ലം കോർപ്പറേഷന് കീഴിലുള്ള കുടുംബശ്രീ യൂണിറ്റിനെ ഉപയോഗപ്പെടുത്തി പ്രവർത്തിക്കാൻ നിർദ്ദേശിച്ചുവെന്നും വാങ്ങിയ തയ്യൽ മെഷീനുകൾ നഗരസഭയുടെ മേഖലാ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മെഷീനുകളുടെ തകരാർ പരിഹരിച്ച് നഗരസഭയുടെ കീഴിലുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽ പരിശീലനത്തിനായി നൽകി ഈ പാഴ്ചെലവ് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്നും കൊല്ലം നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചു.

124. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ ശിപാർശകൾ**

**125. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കണ്ണൂർ നഗരസഭ - കണ്ണൂർ ജില്ല**

**ജെ.സി.ബി. വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ അകാരണമായ കാലതാമസം-ജെ.സി.ബി. വാടകയിനത്തിൽ ലക്ഷങ്ങൾ ചെലവാക്കി**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 3-25

9-6-2005-ന് ചേർന്ന കണ്ണൂർ നഗരസഭാ കൗൺസിലിന്റെ യോഗം നഗരസഭയുടെ ആവശ്യത്തിനായി എസ്കവേറ്റർ വാങ്ങാൻ തീരുമാനിച്ചിരുന്നു (64-ാം നമ്പർ തീരുമാനം). എന്നാൽ എസ്കവേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മെഷീൻ നഗരസഭയ്ക്ക് ലഭ്യമായത് 25-2-2008-ന് മാത്രമാണ്. വാങ്ങൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ 3 വർഷത്തോളമെടുത്തു. 2006-07 വർഷം സ്പിൽ ഓവർ പ്രോജക്ടായി എസ്കവേറ്റർ വാങ്ങുന്നതിന് 12 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 9-6-2005-ലെ കൗൺസിൽ യോഗം എസ്കവേറ്റർ വാങ്ങുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവെങ്കിലും വീണ്ടും

18-8-2006-ലെ കൗൺസിൽ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും തുടർന്ന് 19-12-2006-ലെ കൗൺസിൽ യോഗം 14-ാം നമ്പർ തീരുമാനപ്രകാരം എസ്കവേറ്റർ വാങ്ങാൻ വീണ്ടും അനുമതി നൽകുകയുമാണുണ്ടായത്. കൗൺസിൽ തീരുമാനത്തിനുശേഷം 9-3-2007-ന് മാത്രമാണ് ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചത്. ടെണ്ടറുകളൊന്നും ലഭിക്കാതിരുന്നതിനാൽ 30-3-2007-ന് വീണ്ടും ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചു. ടെണ്ടർ ലഭിക്കാനുള്ള അവസാന തീയതിയായി നിശ്ചയിച്ചത് 4-5-2007-ന് ആയിരുന്നു. എന്നാൽ വിശദമായ പരിശോധനയ്ക്കായി മാറ്റിവെച്ച് ടെണ്ടർ അംഗീകരിച്ചത് 29-9-2007-നും സപ്ലൈ ഓർഡർ നൽകിയത് 14-12-2007-നുമാണ്. ബന്ധപ്പെട്ട സ്ഥാപനം എസ്കവേറ്റർ നഗരസഭയ്ക്ക് ലഭ്യമാക്കിയത് 25-2-2008-നാണ്. എസ്കവേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ മൂന്ന് വർഷത്തോളമെടുത്തു. എസ്കവേറ്റർ വാങ്ങാൻ ചെലവായത് 19,99,800 രൂപയാണ്. എന്നാൽ ജെ.സി.ബി. മണിക്കൂർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ച വകയിൽ 2006-07 വർഷം 15,25,076 രൂപയും 2007-08 വർഷം 6,39,423 രൂപയും 2007-08 വർഷം നടത്തിയ പ്രവൃത്തികൾക്ക് ജെ.സി.ബി. ഉപയോഗിച്ചതിന്റെ വാടക 2008-09 വർഷം നൽകിയ വകയിൽ 2,75,236 രൂപയുമടക്കം ഈ കാലയളവിൽ മൊത്തം 24,39,735 രൂപ ചെലവാക്കിയിട്ടുണ്ട്. 9-6-2005-ലെ കൗൺസിൽ തീരുമാനം നടപ്പാക്കുന്നതിലെ കാലതാമസമാണ് ഇത്ര ഭീമമായ തുക ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വന്ന സാഹചര്യമുണ്ടാക്കിയത്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ :

(9-6-2005 മുതൽ 25-2-2008 വരെയുള്ള കാലയളവിലെ നഗരസഭാ സെക്രട്ടറിമാർ)

1. ശ്രീ. ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി,
   പൈനാപ്പിള്ളിൽ ഹൗസ്, എട്ടൂർ, പായം പി.ഒ., കണ്ണൂർ - 670 704.
2. ശ്രീ. കെ. രവീന്ദ്രൻ നായർ, സെക്രട്ടറി.
3. ശ്രീ. ടി. സന്തോഷ്, സെക്രട്ടറി, അഴകത്ത്, തെക്കേവിള, കൊല്ലം.
4. ശ്രീ. പി. ഗോപാലകൃഷ്ണൻ, നഗരസഭാ എഞ്ചിനീയർ, ഗാധോസ്, 2/893 ജി. കൈരളി അപ്പാർട്ട്മെന്റ്സ്, എരഞ്ഞിപ്പാലം പി.ഒ., കോഴിക്കോട്.

5. ശ്രീ. എൻ. വി. മുഹമ്മദലി പി. എ., ബ്ലൂമൂൺ, സിവിൽ കോടതിയ്ക്ക് സമീപം, തലശ്ശേരി.

6. ശ്രീ. ബി. ഇന്ദ്രബാലൻപിള്ള, സെക്രട്ടറി, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട് പി. ഒ., കൊല്ലം.

7. ശ്രീമതി എം. സബീനപോൾ, സെക്രട്ടറി, ടച്ച് സ്റ്റോൺ മാനർ, അപ്പാർട്ട്മെന്റ് നമ്പർ 8 എ (1), മാതൃഭൂമി, വഞ്ചിയൂർ, തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.8.23(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

126. 9-6-2005-ലാണ് ജെ.സി.ബി. വാങ്ങാൻ കൗൺസിൽ തീരുമാന മുണ്ടാകുന്നതെന്നും 16-6-2006, 3-8-2006, 18-8-2006, 28-11-2006 എന്നീ തീയതികളിൽ ഈ വിഷയം കൗൺസിൽ മുമ്പാകെ വന്നുവെങ്കിലും തീരുമാനമെടുക്കാതെ മാറ്റിവയ്ക്കുകയാണുണ്ടായതെന്നും പിന്നീട് 19-12-2006-ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം എസ്കവേറ്റർ വാങ്ങുന്നതിനുവേണ്ടി തീരുമാനമെടുത്തുവെങ്കിലും ഭരണാനുമതി നൽകാൻ ഒരു വർഷം താമസം നേരിട്ടുവെന്നും അതിനുശേഷം ടെണ്ടർ വിളിച്ചുവെന്നും കണ്ണൂർ നഗരസഭാസെക്രട്ടറി വ്യക്തമാക്കി.

127. എസ്കവേറ്റർ വാങ്ങാൻ മൂന്ന് വർഷം സമയമെടുത്തത് ഒഴിവാക്കേണ്ട കാര്യമായിരുന്നു എന്ന് സമിതി വിലയിരുത്തി. ഭരണസമിതിയുടെ തീരുമാനത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടാകണമെന്ന് അഭിപ്രായപ്പെട്ട സമിതി ഭാവിയിൽ നഗരസഭയ്ക്ക് നഷ്ടം വരാത്ത രീതിയിൽ സമയബന്ധിതമായി ഇത്തരം കാര്യങ്ങളിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**128. എസ്കവേറ്റർ വാങ്ങാൻ മൂന്ന് വർഷം സമയമെടുത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഭരണസമിതിയുടെ തീരുമാനത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടാകണമെന്നും ഭാവിയിൽ നഗരസഭയ്ക്ക് നഷ്ടം വരാത്ത രീതിയിൽ സമയ ബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നുമുള്ള നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2024, ജൂൺ 27.

അനുബന്ധം-I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങളും/ശിപാർശകളും |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2 | തദ്ദേശ സ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 4 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 8 | ” | KWWCCS നെതിരെ റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കിയതിനു ശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 13 | ” | ഇളവുനൽകി വസ്തുനികുതി ചുമത്തിയ വിഷയത്തിൻമേൽ സാധൂകരണം തേടി സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് കണ്ണൂർ നഗരസഭാ സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 19 | ” | ഉഴിഞ്ഞാൽ പാടം ബണ്ട് സംരക്ഷണം സംബന്ധിച്ച് 16-1-2019-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പദ്ധതിക്ക് അംഗീകാരം നൽകിയതിന്റെ പകർപ്പ് പരിശോധനയ്ക്കായി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 25 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ലഭ്യമല്ലെന്ന ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്)-ന്റെ മറുപടിയിൽ നിന്നും അഴിമതി നടന്നിട്ടുണ്ടെന്ന് വ്യക്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 29 | ” | മഹത്തായ ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സൗരറാന്തൽ നൽകുന്നതിനുള്ള പദ്ധതി പ്രകാരം സൗരറാന്തൽ ലഭ്യമായവരുടെ ഗുണഭോക്തൃ ലിസ്റ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ അനെർട്ടിനോട് ആവശ്യപ്പെടുന്നതിനും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 32 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 36 | ” | 21-8-2009-ൽ 53.58 ആർ ഭൂമി നഗരസഭയുടെ പേരിൽ പോക്കുവരവ് ചെയ്ത് കരം ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ ടി ഭൂമി പോക്കുവരവ് ചെയ്ത് നഗരസഭയുടെ പേരിൽ ലഭ്യമാക്കിയിട്ടില്ലെന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | തദ്ദേശ സ്വയംഭരണ വകുപ്പ് | ടി ഭൂമിയിലെ പാർക്കിംഗ് ഏരിയയിലേയ്ക്ക് വാഹനങ്ങൾ പ്രവേശിപ്പിക്കുന്നതിനാവശ്യമായ റാമ്പ് നിർമ്മിക്കുന്നതിന് ടെണ്ടർ എടുത്ത കരാറുകാരൻ പണി ആരംഭിച്ച സമയത്ത് ചില സ്വകാര്യ വ്യക്തികൾ അവകാശവാദം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി അഡീഷണൽ തഹസിൽദാർക്കും ജില്ലാ സർവ്വേ സൂപ്രണ്ടിനും കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ഊർജ്ജിതപ്പെടുത്തുന്നതിന് 15-9-2022-ൽ ജില്ലാ കളക്ടർക്കും തദ്ദേശ സ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർക്കും കത്ത് അയച്ചിട്ടുള്ളതാണെന്നും പാർക്കിംഗ് ഏരിയയ്ക്ക് വേണ്ടി നഗരസഭ ഏറ്റെടുത്ത ഭൂമിയിൽ വാഹനങ്ങൾ കയറുന്നതിനാവശ്യമായ റാമ്പ് നിർമ്മാണം പൂർത്തീകരിച്ചെങ്കിൽ മാത്രമേ ടൂറിസം വകുപ്പ് വിഭാവനം ചെയ്ത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി 15-9-2022-ൽ മാത്രമാണ് കത്ത് നൽകിയത് എന്നുള്ളത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള തികഞ്ഞ അനാസ്ഥയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിൽ നഗരകാര്യ ഡയറക്ടർ പ്രത്യേക താല്പര്യമെടുത്ത് പരിഹാരം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, ഇക്കാര്യം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | 42 | തദ്ദേശ സ്വയംഭരണ വകുപ്പ് | പാപനാശത്ത് പാർക്കിംഗിനും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണത്തിനുമായി അനുവദിച്ച തുകയിൽ, പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചത് 26 ലക്ഷം രൂപയാണെന്നും ബാക്കി തുക ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പ്ലാന്റിന്റെ ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചതെന്നും അപ്രകാരം തുക വകമാറ്റി ചെലവഴിച്ചത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വകമാറ്റി ചെലവഴിച്ച തുകയുടെ തിരിച്ചടവ് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | 44 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 53 | ” | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് നഗരസഭ വ്യക്തമായ മറുപടി നൽകിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 55 | ” | നിലവിൽ കുടിവെള്ള വിതരണം നടന്നുവരുന്നതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 61 | തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ ലോൺ അനുവദിച്ചതിന് ശേഷം സബ്സിഡി തുക ബാങ്കിനെ ഏൽപ്പിക്കുന്നതിന് പകരം മൊത്തം ഗുണഭോക്താക്കളുടെയും സബ്സിഡി തുക ആദ്യമേ ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇപ്രകാരമുള്ള നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന കർശന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 63 | ” | ഇരുമ്പനം കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 66 | ” | കർഷകർക്ക് ഉത്പന്നങ്ങൾ നേരിട്ട് വിപണനം നടത്തി മെച്ചപ്പെട്ട വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ച കെട്ടിടം എം.സി.എഫ്. ആയി പ്രവർത്തിച്ചുവരുന്നുണ്ടെന്നും പ്രസ്തുത കെട്ടിടം നിഷ്ക്രിയമാകാതെ ഉപയോഗിക്കാൻ കഴിയുമെന്നുമുള്ള വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ ചാർജ്ജിന്റെ മറുപടി സമിതി അംഗീകരിക്കുന്നു. വൻ തുക ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുമ്പായി ആവശ്യമായ പഠനം നടത്തി വിജയസാധ്യത വിലയിരുത്താൻ ശ്രദ്ധിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | 68 | തദ്ദേശ സ്വയംഭരണ വകുപ്പ് | നിലവിൽ പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാണെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 73 | ” | പ്രസ്തുത പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെയും ജലനിധി പദ്ധതി പ്രകാരവുമുള്ള കുടിവെള്ള പദ്ധതി നിലവിലുള്ള സാഹചര്യത്തിൽ നിഷ്ക്രിയമായ പുതുശ്ശേരിമല കുടിവെള്ള പദ്ധതിയുടെ ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 75 | ” | പയറ്റുകാല കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളതും 65 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതാണെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 77 | ” | ആറ്റിങ്ങൽ ടൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് ലേലത്തിൽ നൽകിയെന്ന് ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 80 | ” | പ്രസ്തുത പരാമർശം സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 82 | തദ്ദേശ സ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 88 | ” | ഒരു കേസ് നിലനിൽക്കുമ്പോൾ പ്രസ്തുത വ്യക്തിക്ക് സർവ്വീസ്/പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കണമെന്നും കോടതിയുടെ പരിഗണനയിലുള്ള വിഷയത്തിൽപ്പോലും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് വകുപ്പ് പരാമർശിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും കൂടാതെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കോടതി അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 99 | ” | പ്രായോഗികമല്ലാത്ത പദ്ധതികൾക്ക് വേണ്ടി പൊതുപണം ചെലവാക്കുന്നതിന് ഉദാഹരണമാണ് ഓഡിറ്റ് വകുപ്പ് പ്രസ്തുത പരാമർശത്തിലൂടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള പ്രവണത വർദ്ധിക്കുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| 25 | 100 | ” | മലിനജലവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കത്തക്ക വലിപ്പമുള്ള പ്രസ്തുത പൈപ്പുകൾ വാട്ടർ അതോറിറ്റിക്കോ മറ്റേതെങ്കിലും ഏജൻസികൾക്കോ കൈമാറാൻ കഴിയുമോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | 103 | തദ്ദേശ സ്വയംഭരണ വകുപ്പ് | കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് വാങ്ങിയ ഉപകരണങ്ങളിൽ പവർ ടില്ലർ നിലവിലും ഉപയോഗിക്കുന്നുണ്ടെന്നും ആവശ്യക്കാരില്ലാതെ വന്നതിനാൽ ഉപയോഗശൂന്യമായി കണ്ടെത്തിയ ട്രെയിലർ, മെതിയന്ത്രം എന്നിവ ലേലം ചെയ്യുന്നതാണെന്നുമുള്ള കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 107 | ” | കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 109 | ” | ഫണ്ട് വിനിയോഗത്തിൽ കാലാകാലങ്ങളിലെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 111 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 113 | ” | സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതിയ്ക്കായി നിക്ഷേപിച്ച 35 ലക്ഷം രൂപയിൽ ചെലവഴിക്കാതെ ബാക്കിയുള്ള 26,08,650 രൂപ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 31 | 117 | തദ്ദേശ സ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 120 | ” | തിരവില്വാമല ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ നിർമ്മിച്ച കെട്ടിടം ബഡ്സ് സ്കൂൾ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 122 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 125 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 128 | ” | എസ്കവേറ്റർ വാങ്ങാൻ മൂന്ന് വർഷം സമയമെടുത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഭരണസമിതിയുടെ തീരുമാനത്തിൽ സർക്കാരിന്റെ ശ്രദ്ധയുണ്ടാകണമെന്നും ഭാവിയിൽ നഗരസഭയ്ക്ക് നഷ്ടം വരാത്ത രീതിയിൽ സമയ ബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്നുള്ള നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |